# ചിരാത്



ജി എച്ച് എസ് എസ് പാല
മാഗസിൻ 2018-19



# സന്ദേശം

പാല ഗവണ്മെന്റ് ഹയർ സെക്കന്ററി സ്‌കൂളിലെ
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ
"ചിരാത്" എന്ന പേരിൽ ഒരു ഡിജിറ്റൽ
മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ
ഒരുപാട് സന്തോഷം. ഈ മാഗസിൻ ഒരു കെടാ
വിളക്കായി നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന
കഴിവുകളെ തൊട്ടുണർത്താൻ സാധിക്കട്ടെ എന്ന്
ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബിനും, അവർ പ്രകാശനം ചെയ്യാൻ
പോകുന്ന മാഗസിനും ഹൃദയം നിറഞ്ഞ

ആശംസകൾ

അഡ്വ. സണ്ണി ജോസഫ് എം.എൽ.എ

പേരാവൂർ



# സന്ദേശം

വിളി ......മറുവിളി .....അറിവ്...... നെറിവ്......
കാഴ്ച.......കേൾവി.......തിരിച്ചറിവ് .....
കലാലയം....ഓർമ്മ.....നന്മ ......
കുട്ടികൾ...വരകൾ...നിറങ്ങൾ.....
കൗമാരത്തിന്റെ സർഗ്ഗസാക്ഷ്യത്തിന്......
"ചിരാതിന്" ആശംസകൾ......

ബാബു ജോസഫ്
പ്രസിഡന്റ്, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്



# സന്ദേശം

പുതുവർഷത്തിൽപുത്തൻപ്രതീക്ഷകളുമായിലക്ഷ്യബോധത്തോടെ മുന്നേറുന്ന പാലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ നന്മകളും നേരുന്നു. പുതിയ കാലത്തിനനുയോജ്യമായ രീതിയിൽ സ്വയം സജ്ജരാകാനും സമൂഹത്തെ പ്രാപ്തരാക്കാനും നിങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് കഴിയണം. ക്ലബ്ബിന് നേതൃത്വം നൽകുന്ന സാരഥികൾക്കും ഒപ്പം മുന്നേറുന്ന അംഗങ്ങൾക്കുംമാഗസിനും ഹയർസെക്കൻഡറി വിഭാഗത്തിന്റെ ആത്മാർത്ഥമായ ആശംസകൾ

വനജാക്ഷി എം
പ്രിൻസിപ്പാൾ, GHSS പാല

# സന്ദേശം



2018 19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജ്ജിറ്റൽമാഗസിൻ"ചിരാത്""കുഞ്ഞുമനസ്സുകളുടെസർഗാത്മകതപ്രകടിപ്പിക്കാനുള്ളവേദിയാണ്. "ചിരാത് "എല്ലാവരിലും ഒരു ദീപമായ് പ്രകാശിക്കട്ടെ എന്ന് ആത്മാർത്ഥമായിആശംസിക്കുന്നു

കെ.ആർ വിനോദിനി
ഹെഡ്മിസ്ട്രസ്സ് GHSS പാല

# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ
സംരംഭമായ "ചിരാത് "ഡിജിറ്റൽ
മാഗസിൻ കുഞ്ഞു ഭാവനകളുടെ ചിറകിലേറി
പറക്കാനൊരുങ്ങുകയാണ്....... ചിരാതിലെ
നന്മയും പ്രകാശവും എല്ലാവരിലും
നിറയട്ടെ.....
ആത്മാർത്ഥമായആശംസകൾ.....

അബ്ദുൾ അസീസ് സി
സീനിയർ സ്റ്റാഫ്



# സന്ദേശം

വിവരസങ്കേതിക വിദ്യയുടെ നൂതന
അറിവുകൾ നമ്മുടെ കുട്ടികൾക്ക്
സമ്മാനിച്ചുകൊണ്ട് മുന്നേറുന്ന ലിറ്റിൽ
കൈറ്റ്സിന്റെ പുത്തൻ
സംരഭമായ"ചിരാത് "
മാഗസിന്എല്ലാവിധഭാവുകങ്ങളുംനേരുന്നു.

വി.വി. വിനോദ്
പ്രസിഡണ്ട് PTA

# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ :വിനോദിനി കെ. ആർ
(ഹെഡ്മിസ്ട്രസ് )


സ്റ്റാഫ് എഡിറ്റർ : ശാലിനി കെ വി

സ്റ്റുഡന്റ് എഡിറ്റേഴ്സ് : അമൽ രാജ്
: ബെറ്റ്സി സി

ടൈപ്പിംഗ് : ലിറ്റിൽ കൈറ്റ്സ്

ലെ ഔട്ട് & ഡിസൈൻ: റോയി സെബാസ്റ്റ്യൻ
: പ്രസീത കെ വി





# എഡിറ്റോറിയൽ



നേരം തെറ്റി വന്ന തണുപ്പ് രാത്രിയെ വിറപ്പിക്കുമ്പോൾ വേനൽ ചൂടിൽ പകൽ വിയർത്തൊലിക്കുന്നു. കര കടലിലും കാറ്റിലും ഉലഞ്ഞ് ചെറുവള്ളങ്ങൾ അനാഥമാക്കപ്പെട്ടു. കേട്ടറിഞ്ഞ് മാത്രം പരിചയമുള്ള ഏതോ ഒരു വൈറസ് മാഞ്ചോട്ടിനെയും ഒരു അവധിക്കാലത്തെയും നിശ്ചലമാക്കി. എന്നോ എന്തിനോ പെയ്തുതീർത്ത മഹാപ്രളയത്തിന്റെ മരവിപ്പ് ഇന്നും ബാക്കിയാവുന്നു. ആചാരവും നവോത്ഥാനവും ജ്യോതിയും മതിലുമായി ഉയർന്നപ്പോൾ.......കല്ലും കലാപവും മലയാളത്തിന്റെ ഉറക്കം കെടുത്തിയപ്പോൾ...നിറഞ്ഞുനിൽക്കുന്നത് ശ്രീ നഷ്ടപ്പെട്ട സ്ത്രീത്വം. പത്തുമാസം പേറി നൊന്ത മാതൃത്വം ..സ്വപ്നങ്ങൾ കൂട്ടിവെച്ച് കൂടെയിറങ്ങിയ പെണ്ണ്...ഇവർക്കു മുന്നിൽ വെട്ടലും കുത്തലും കൊണ്ട് വികൃതമാക്കപ്പെട്ട പൗരുഷങ്ങൾ.

സുഹൃത്തെ ...

തിരിച്ചിറങ്ങാം നമുക്ക്
ചാറ്റിങ്ങും ചീറ്റിങ്ങും ഒഴിവാക്കി
തണലിടങ്ങളിൽ, വായനാമൂലകളിൽ
തുറന്ന ചർച്ചകൾക്കായ് സംവാദങ്ങൾക്കായ്
പേനത്തുമ്പിൽ മുറിഞ്ഞുവീഴാത്ത കൈവിരലുകളിൽ
ലഹരി പുകയുന്ന ഒരു നല്ല പുസ്തകവുമായി
ഒരു മൗസ് ക്ലിക്കിൽ കണ്ടറിയേണ്ട ചില കൗതുകങ്ങളിലേക്ക്......
നിഴൽ വീഴാത്ത ഈ ചിരാതുമായി........

# എഡിറ്റോറിയൽ ബോർഡ്







# നാൾ വഴികളിലൂടെ...


1924 ൽ പാലാ പ്രദേശത്ത് സ്ഥാപിതമായ ബോർഡ് ബോയ്സ്കൂളായ പാലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. പാലാ സ്കൂളാണ് മുഴക്കുന്ന് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളത്. ഇന്നത് വളർന്ന ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ആയിരിക്കുന്നു. മൂവായിരത്തോളം വിദ്യാർത്ഥികൾ ഇന്നിവിടെ പഠിക്കുന്നുണ്ട്. പഠനപഠ്യേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നു. അതുപോലെ തന്നെ കായിക രംഗത്ത് നിരവധി അന്താരാഷ്ട്ര താരങ്ങളെ സംഭാവന ചെയ്യുവാനും ഈ വിദ്യാലയത്തിന് സാധിച്ചു. പുല്ലാഞ്ഞോട് കുന്നുമ്മൽ നാരായണൻ നമ്പ്യാരുടെ വീടിനോട് ചേർന്ന് ഒരു ഷെഡ്ഡിലായിരുന്നു പാലാ സ്കൂളിൻറെ തുടക്കം. പിന്നീട് കാക്കയങ്ങാട് മായന്റെ മലഞ്ചരക്ക് സ്ഥാപനത്തിന്റെ മുകളിലത്തെ ഒരു കെട്ടിടത്തിലായിരുന്നു. പിന്നീട് പാലാ സ്കൂളിനായി കെ കെ ഗോവിന്ദൻ നമ്പ്യാരായിരുന്നു മൂന്നേക്കർ രണ്ടു സെൻറ് സ്ഥലം സൗജന്യമായി നൽകിയത്. 1950 ൽ ഈ വിദ്യാലയം ബോർഡ് യുപി സ്കൂളായി മാറി. 1976 ൽ ഹൈസ്കൂളായും , രണ്ടായിരത്തിൽ ഹയർ സെക്കന്ററി സ്കൂളും ആയി മാറി .ഇന്ന് ഈ വിദ്യാലയം സമീപ പ്രദേശത്തുള്ള ഏതു വിദ്യാലയങ്ങളെക്കാളും തല എടുപ്പോടെ നിരവധി കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചം പകരുന്ന .കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഏറ്റവും നൂതനമായ രീതിയിലൂടെ കുട്ടികളിലേക്ക് അറിവിന്റെ വെളിച്ചം പകർന്ന് നൽകുന്ന .നിരവധി പാഠ്യേതര, സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപട്ടുകൊണ്ട് ഒരു നന്മ മരമായി , ഈ പ്രദേശത്തിന്റെ അഭിമാനമായി ഈ വിദ്യാലയം നിലകൊള്ളുന്നു. പി ടി എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 65 കുട്ടികളുള്ള പ്രീപ്രൈമറി വിഭാഗവും ഇവിടെ ഉണ്ട് .

ഐ ടി @ സ്കൂളിന്റെ ഐ.സി.ടി മോഡൽ സ്കൂളായി പേരാവൂർ മണ്ഡലത്തിൽ നിന്നും GHSS പാല തിരഞ്ഞെടുക്കപ്പെട്ടു. കേരള സർക്കാറിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിൽ നിന്ന് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ വിദ്യാലയം.അഞ്ചുവർഷം കൊണ്ട് എല്ലാ മേഖലയിലും രാജ്യാന്തര നിലവാരം. ഇരുപതുകോടി രൂപയുടെ വികസനപ്രവത്തനങ്ങളാണിവ .വേറിട്ട ഹരിത ക്യാമ്പസ്,മികച്ച ഹൈടെക് ക്ലാസ് മുറികൾ,മെച്ചപ്പെട്ട ശുചിമുറികൾ ,അത്യാധുനിക പാചകശാല,ജൈവവൈവിധ്യ ഉദ്യാനം ,സൗരോർജ്ജ സംവിധാനം,ശാസ്ത്രീയ മാലിന്യസംസ്കരണം ,ഹരിത വൽക്കരണംഉടങ്ങി നല്ല സൗകര്യങ്ങളുള്ള മികച്ച വിദ്യാലയമായി മാറി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പാല.കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത്തിമൂന്ന് മാതൃക വിദ്യാലയങ്ങളുടെ കൂട്ടത്തിലെ ഒരു വിദ്യാലയമാണ് പാല വിദ്യാലയം.



# സ്നേഹ വിദ്യാലയം



അബ്ദുൾ ഗഫൂർ സി
H S A Mal

വഴികാട്ടലല്ല,
ഒപ്പം കൂട്ടലാണ്........
വിരൽ ചൂണ്ടലല്ല,
ചേർത്തു  നിർത്തലാണ്..........
പഠിപ്പിക്കലല്ല,
പകർന്നുകൊടുക്കലാണ്.......
കുറ്റപ്പെടുത്തലല്ല,
കൈത്താങ്ങായി തീരലാണ്.....
കള്ളികളിൽ ഒതുക്കല്ല,
കാരുണ്യവഴി കാട്ടലാണ്..............
അറിവിനപ്പുറം
നെറിവിന്റെ നിറവാണ്
നന്മയാണ്............
നേരാണ്..............
കനിവും അലിവും
കാരുണ്യപൂവാണ്.....................



# അമ്മയ്ക്കൊരു താരാട്ട്





അഫ്ന പി സി

9 E

ഇരുൾ വീണ ജീവിത വീചി
യിൽ നിഴലുപോൽ ഒപ്പം നടന്ന
നിൻ പ്രാർത്ഥനയും

സ്നേഹവാത്സല്യങ്ങളാൽ നീ
തണുപ്പേകിയ സാമിപ്യവും
നെഞ്ചോട് ചേർന്ന താരാട്ടു-
പാട്ടിൽ മയങ്ങിയ കാലം



മിഴിപൂട്ടുമോർമയുടെ താരാട്ടു-
മായി ആത്മാവിനുള്ളിലെ
നിറദീപമായി

ഞാൻ കേട്ട കഥയിലെ വാത്സല്യവും
പോയ് പോയ കാലങ്ങളോർത്ത്
ഞാൻ നിൽക്കവേ

പോയിമറഞ്ഞിട്ടും വീചികൾക്കുള്ളിലായ്
പോയകന്ന നിൻ രാഗങ്ങളും
അറിയാതെ തഴുകുന്ന കുളിരായ്
നിറമാർന്ന കാറ്റായ്
പുണരുന്നിതീനെഞ്ചിൽ



# അമ്മേ മാപ്പ്.....





**സ്നേഹ പി കെ**

9 C


ബീവാത്തുമ്മ ഇന്ന് ഏറെ സന്തോഷത്തിലാണ്. കാരണം ഇന്ന് ഏറെ കാലമായി വിദേശത്തുള്ള മകൻ നാട്ടിൽ വരികയാണ്. അവനെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ ദിവസങ്ങൾക്കു മുൻപേ ബീവാത്തുമ്മ തുടങ്ങിയിരുന്നു. അയൽപക്കക്കാരോടും ഇത് ഓരോ ദിവസവും അവർ പറഞ്ഞുകൊണ്ടിരിക്കും അതുകൊണ്ട് ഈ ദിവസം ബീവാത്തുമ്മയ്ക്ക് ഏറെ പ്രിയങ്കരം തന്നെ ! നൊന്ത് പെറ്റ വയറല്ലേ? സ്വന്തം മകനെ കാണാൻ ...... ഒന്ന് നെറുകയിൽ വാൽസല്ല്യത്തോടെ ഉമ്മവയ്ക്കാൻ കാത്തിരിക്കുകയാണ് ആ മാതൃഹൃദയം.

അടുക്കളയിൽ മകന് പ്രിയപ്പെട്ട പലഹാരങ്ങൾ ഉണ്ടാക്കുന്ന തിരക്കിനിടയിലാണ് ബീവാത്തുമ്മയെ തേടി ആ ഫോൺ കോൾ വരുന്നത്..... ഫോണിലൂടെ കേട്ട ആ പുരുഷ ശബ്ദം സ്വന്തം പുത്രന്റേതുതന്നെയാണെന്ന് ബീവാത്തുമ്മ തിരിച്ചറിഞ്ഞു.'മോനെ നീ എത്താറായോ ? ഇപ്പം എവിടെയാ? ''ഉമ്മ.....ഞാൻ ......' 'ഇടറുന്ന ശബ്ദത്തോടെ അവൻ വിളിച്ചു.''എന്താ മോനെ ,എന്തുപറ്റി?''. മറുപുറത്ത് നിന്ന് ആർദ്രമായ തേങ്ങലോടെ അവൻ പറഞ്ഞുതുടങ്ങി ''ഉമ്മ ....ഞാൻ വലിയ തെറ്റുചെയ്തു. എന്റെ രാജ്യത്തെ ചതിച്ചു.'' കാര്യമെന്തെന്ന് മനസിലാവാതെ ഒരു ഞെട്ടലോടെ അവർ ചോദിച്ചു.''എന്താ നീ പറയണെ?

ഉമ്മക്കൊന്നും മനസിലാവണില്ലോ''

''ഉമ്മാ ....ഞാൻ പോയത് ഗൾഫിലേക്കല്ല. ഈയിടെ ഇന്ത്യയിൽ നടന്ന ഭീകരവാദപ്രവർത്തനത്തിൽ ഞാനും പങ്കാളിയായിരുന്നു. ഇന്ത്യയിലെ ആയിരങ്ങളുടെ മരണത്തിന് കാരണക്കാരനായി. ഞാൻ എന്റെ രാജ്യത്തെ വഞ്ചിച്ചു.'' അവൻ വിതുമ്പി കരയുവാൻ തുടങ്ങി.

ആ അമ്മയുടെ ഹൃദയം മുറിഞ്ഞു. കണ്ഠം ഇടറി. അശ്രുക്കൾ ധാരാളമായി കവിളുകളെ നനച്ച് കൊണ്ട് ഒഴുകി അകന്നു. നീണ്ട ഇടവേളയ്ക്കു ശേഷം അവൻ പറഞ്ഞുതുടങ്ങി.'' ഉമ്മ ...... എനിക്കു വേണ്ടി നിങ്ങൾ കരയരുത് . ഈ പാപിക്ക് മാപ്പുതരണം .... എന്നോട് പൊറുക്കണമേ ഉമ്മാ...... എന്തു പറയണമെന്ന് ബീവാത്തുമ്മയ്ക്ക് അറിയില്ലായിരുന്നു.കാരണം മറുപുറം നടക്കുന്നത് സ്വന്തം മകന്റെ തെറ്റുകളുടെ ഏറ്റുപറച്ചിലാണ്, അവൻ ആയിരങ്ങളുടെ മരണത്തിന് ഹേതുവായ ഭീകരവാദിയാണ്. സ്വന്തംഉമ്മയോടു കള്ളം പറഞ്ഞവൻ. രാജ്യത്തെ ഒറ്റിക്കൊടുത്തവൻ ''അള്ളാ.... ഞാൻ എങ്ങനെ ഇവനു മാപ്പുനൽകും?'' ആ ഹൃദയം വീണ്ടും പിടഞ്ഞു. മറുപുറം നിശബ്ദമായി. ഒടുവിൽ ഇടറുന്ന കൈകളോടെ ആ ഉമ്മ ഫോൺ താഴെവച്ചു.




എത്രനേരം അവർ അങ്ങനെ നിന്നു എന്നറിയില്ല. പക്ഷേ ചിന്തകളാൽ കെട്ടുപിടഞ്ഞുകിടക്കുന്ന ആ മനസിനെവിടെയും ഒരുത്തരം കണ്ടെത്താൻ കഴിഞ്ഞില്ല. ഉമിതീയ്യിൽ നീറുകയാണാമനസ്സ്. എന്തു വേണമെന്നറിയാതെ നേരമേതാണ്ട് രാത്രിയായ് തുടങ്ങിയപ്പോൾ വരാമെന്ന വാക്കു നൽകിയ മകനെത്തി. വെള്ളപുതച്ച മൃതശരീരമായി, എല്ലാവരും ആ ദുഃഖത്തിൽ പങ്കുകൊണ്ടു. മകനുവേണ്ടി ഒരുക്കിവെച്ച പലഹാരങ്ങളെ നോക്കി ചിലർ പിറുപിറുത്തു.''പാവം...... ബീവാത്തുമ്മ...... ഇപ്പൊ ആത്മഹത്യ ചെയ്യാൻ മാത്രം ചെക്കനിതെന്തുപറ്റി? ''പക്ഷേ കവിൾ തടത്തിൽ ഒഴുകിയെത്തിയ ചുടുകണ്ണീരിനെ അമർത്തിപ്പിടിച്ചുകൊണ്ട് ആ ഉമ്മ പറഞ്ഞു''ഇല്ല.....കരയില്ല. നിനക്ക് വേണ്ടി ഞാൻ കരയില്ല കാരണം

നീ ഈ രാജ്യത്തെ ചതിച്ചവനാണ്. കുറ്റങ്ങൾ ഏറ്റുപറഞ്ഞ നിന്റെ ആത്മാവിനെയെങ്കിലും അള്ളാഹ സ്വീകരിക്കട്ടെ......... ''ഒന്ന് വിതുമ്പി കരയാൻ പോലും നിൽക്കാതെ മനസ്സിനെ കല്ലാക്കി ആ ഉമ്മ നിന്നു. സ്വന്തം മകനേക്കാൾ  വലുത് സ്വന്തം രാജ്യമാണെന്ന് തെളിയിച്ചുകൊണ്ട്, ഹൃദയത്തിൽ സ്വന്തം രാജ്യത്തോടുള്ള ആദരവ് നിറച്ചുകൊണ്ട് ആ ഉമ്മ മാതൃ രാജ്യത്തോടായി മാപ്പ് പറഞ്ഞു.

'' ഇങ്ങനെയൊരു പാപിക്ക് ജന്മം നൽകിയതിന്.''





# പ്രളയക്കെടുതിയിൽ ദുരിതാനന്തര ജീവിതങ്ങൾ





സിനാന വിനോദ്
10 D

പ്രളയക്കെടുതിയിലെ ദുരിതമേഖലയിലെ ദയാജീവിതങ്ങൾ കരൾ അലിപ്പിക്കുന്നതാണ്. സർവവും തകർന്ന് ഭൂമി അതിന്റെ സങ്കടങ്ങൾ തീരാപകയായി നമ്മളിൽ വന്നു പതിക്കുന്നു. അതിന്റെ ഏറ്റവും വലിയ മൂർധന്യാവസ്ഥയിലാണ് പ്രകൃതിമാത ആഞ്ഞടിച്ചത്. ഭൂമിയുടെ പിറവി മുതൽ ഇന്നുവരെ പലതരത്തിലുള്ള ദുരിതങ്ങൾ നമ്മൾ നേരിടേണ്ടി വന്നു.പക്ഷേ ഒരു ജനതയെ ഒരു നാടിനെ മുഴുവനും ആഴത്തിൽ മുറിവേൽപ്പിച്ച വെള്ളപ്പൊക്കം. ജനിച്ചു വീണ കുഞ്ഞുങ്ങൾ മുതൽ പ്രായമായ അപ്പനപ്പൂപ്പന്മാർ വരെ പ്രകൃതി സമ്പത്തായ ഈ വെള്ളത്തിൽ ജീവൻ പൊലിഞ്ഞതും ജീവിതം ഇനി എന്തെന്നറിയാതെ പകച്ചുനിൽക്കുന്നതുമാണ്. തങ്ങളുടെ സമ്പത്തു മുഴുവനും ഒരൊറ്റ നിമിഷം കൊണ്ട് കൺമുന്നിൽ വച്ച് നഷ്ടപ്പെടുന്നതിന്റെ വേദന വളരെ ദയനീയമാണ്.

ഇന്നത്തെ തലമുറകൾ പറയുന്നത് ഗ്രാമീണ ജീവിതത്തിൽ നിന്നും മാറി നാഗരികജീവിതത്തിലേക്ക് കുതിക്കാനാണ്. പരിഹാസങ്ങൾ കൊണ്ട് ഗ്രാമീണരെ പുച്ഛിച്ചു തള്ളുന്ന ഇന്നത്തെ വർണത്തിളപ്പിന്റെ ലോകത്ത് എല്ലാവരും സ്വന്തം കാര്യവും സുരക്ഷയും മാത്രം നോക്കുന്നവരാണ്. ഇന്ന് നമ്മൽ കൊതിക്കുന്ന പ്രകൃതി കനിഞ്ഞു നൽകിയ സമ്പത്താണ് നമ്മൾ ദുരുപയോഗം ചെയ്യുന്നത്. അത് ശക്തിയായി

നമ്മളിൽ ആഞ്ഞടിക്കുന്നു. എന്നിട്ട് നമ്മളിപ്പോൾ കാലത്തെ ശപിക്കുന്നു.

ഈ പ്രകൃതി ദുരന്തത്തിന് പ്രധാന കാരണം വനനശീകരണമാണ്. കൂടുതൽ മരങ്ങൾ നടുമ്പോൾ അവ ഓസോൺ പാളിക്കുള്ള ചൂട് ശമിപ്പിക്കുന്നു. നമ്മുടെ മണ്ണിൽ നിന്ന് അപ്പുറം നോക്കിയാൽ കാണുന്ന സുന്ദര പാലരുവികളും തണ്ണീർത്തടങ്ങളിലും നമ്മൾ കലർത്തിയ പാതകങ്ങൾ കാണാനാവും. പ്ലാസ്റ്റിക് കൂടുകൾ വേണ്ട എന്ന് ഉറച്ച തീരുമാനം എടുക്കുന്നതു മൂലം നമുക്ക് തുണികൾ കൊണ്ടുള്ള സഞ്ചി ഉപയോഗിക്കാം, അങ്ങനെ ആയാൽ സ്വച്ഛമാം കാറ്റും ,പരിസ്ഥിതിയും കൂടി നമുക്ക് ഒന്നിച്ച് നാടിനെ വീണ്ടെടുക്കാം പ്രകൃതിയെ കൂടുതൽ അറിയുവാൻ ശ്രമിക്കൂ....അവ നമ്മളോട് പലതും പറയും, രസിക്കും, കളിക്കും.

മുൻപേ പറക്കുന്നത് നല്ലതാണ്. പക്ഷേ അതിലും വേണം ശ്രദ്ധ. കൂടുതൽ നാട്ടറിവും, കാട്ടറിവും ആവശ്യമാണ്. ഇന്ന് ഈ ദുരിതകാല മഴയിൽ വീടുകൾ നഷ്ടപ്പെട്ടവർ ഒരുപാടുണ്ട്. പക്ഷെ അതിൽ അവർ പ്രതിജ്ഞ ബന്ധരാണ്. കാരണം അവർ ചെയ്ത ക്രൂരതകളാണ് അവർക്ക് തിരിച്ചടിയായി കിട്ടിയത്. ആ തിരിച്ചടി അവർക്ക് ജീവിതം മുഴുവനുമുള്ളതാണ്. ജീവിതം വഴിമുട്ടിയിരിക്കുന്ന ആളുകൾ ഇനിയെന്തു ചെയ്യണം എന്നറിയാതെ പകച്ചു നിൽക്കുന്നു.

ഓർത്തിരിക്കാൻ മരണമടഞ്ഞവരുടെ ഓർമ്മയുമായി കാത്തിരിക്കുവാൻ കൊതിക്കുന്ന കണ്ണുകൾ നിറഞ്ഞൊഴുകി. ഹരിതകേരളത്തിനും കാർഷികവളർച്ചയ്ക്കും ജലസംരക്ഷണത്തിനും മുന്നിൽനിന്ന് കൈകോർക്കാം. ജൂൺ, ജൂലൈ മാസങ്ങളിലെ മഴക്കെടുതിയിൽ കുടുംബം മുഴുവനും മരണത്തിന് കീഴടങ്ങി.



# അയാൾ അസ്വസ്ഥനാണ്... ഞങ്ങളും...




ശാലിനി.കെ.വി
HSA English

പടിപ്പുരയ്ക്കപ്പുറത്ത്  ദൂരെ ഒരു നാലുകെട്ട്
പടിഞ്ഞാറ്റയിൽ ഇടയ്ക്ക് മാത്രം മിന്നുന്ന വിളക്ക്
ക്ലാവ് പിടിച്ച് നിറം മങ്ങിയ ഓട്ടുരുളി
പത്തായത്തിൽ എന്നോ ഭാരം നഷ്ടപ്പെട്ടുണങ്ങിയ ധാന്യമണികൾ
ആളൊഴിയാതിരുന്ന അടുക്കളയിലെ ഒഴിവിടങ്ങളിൽ പാറ്റയും
പ്രാണിയും അഴിയാത്ത ചിലന്തിവലയും
പൂമുഖത്തെ തേഞ്ഞുമിനുങ്ങിയ  ചാരുകസേരയിൽ
അലക്കിത്തയമ്പിച്ച മല്ലുതോർത്തിൽ  പൊതിഞ്ഞ്
ചുളിവുകളുടെ മടക്കുകളിൽ ഭസ്മക്കുറിയുടെ ശേഷിപ്പ്
കുഴിഞ്ഞകണ്ണുകളിൽ, വരണ്ട ചുണ്ടുകളിൽ മറക്കാത്ത
മന്ത്രങ്ങൾ......
തികയാത്ത പ്രായത്തിൽ വാശിയിൽ സ്മാർട്ട് ഫോൺ
സ്വന്തം മുറിയിലെ ശൂന്യതയിൽ അറിയാതെ
പറയാതെ തീർക്കുന്ന ചതിക്കെണികൾ
പ്രായവും രൂപവും ഇല്ലാത്ത ബന്ധങ്ങൾ
ബന്ധനങ്ങൾ.......ലഹരിയിൽ പതയുന്ന
പുകയുന്ന കൗമാരം... യൗവനം.
കാവലിന് നേരം കിട്ടാത്ത അച്ഛനും അമ്മയ്ക്കും ബാക്കിയാവുന്നത്....നീണ്ട

## ചിരാത്

നെട്ടുവീർപ്പകൾക്കിടയിൽ ഒരേങ്ങൽ
ടെക്നിക്കൽ യുഗത്തിൽ ഓക്കാനത്തിന് ഇടമില്ലാത്ത
ചാരം തട്ടിയ വാഴച്ചുവട്.....
ദിവസങ്ങൾ പോലും തികയ്ക്കാതെ ലേബർ
റൂമിലെ ഒരു തരി വിഴപ്പ്....
ആർക്കൊക്കെയോ നഷ്ടമാവുന്നത്
ഇടവഴികളിലെ ഒരു നോട്ടം....ആൾ
ക്കൂട്ടത്തിൽ ആരുമറിയാതെ ഒരുചിരി
ഏറെ നാൾ എവിടെയോ ഒളിച്ചുവച്ച
ചുളിവുവീണ ഒരു പുസ്തകത്താൾ
പ്രതീക്ഷ കൈവിടാത്ത കാത്തിരിപ്പ്.........
മൂല്യച്യുതിയിലുടയാത്ത സുരക്ഷിതത്വം...
ഇവിടെ കാലത്തിനൊപ്പം ജീവിച്ചവർ
അസ്വസ്ഥരാണ്.
എന്തിനോ.....ഏതിനോ.....വെറുതെ അസ്വസ്ഥരാണ്





# കാത്തിരിപ്പ്...



വന്ദന കെ കെ
9 E

കണ്ണു തുറന്നു ഞാൻ നോക്കിയപ്പോൾ
ലോകത്തെ കണ്ടു മിഴി നിറഞ്ഞു

കളകളം പാടുന്ന അരുവികളും ഇല്ല
പച്ചയണിഞ്ഞ ഒരു പാടങ്ങളും ഇല്ല
പൂമധു തേടുന്ന ശലഭങ്ങൾ ഇല്ല
പൂക്കളില്ല പൂങ്കാവനം ഇല്ല
പക്ഷിമൃഗാദികൾ എങ്ങുമില്ല
പുല്ലും പുൽമേടുകളും ഇല്ല
കണ്ണു തുറന്നു നോക്കിയാലോ
കൺമുന്നിൽ എല്ലാം വാഹനങ്ങൾ
മണ്ണില്ലാ മരമില്ല ജലമില്ല കാറ്റില്ല
കാടില്ല വയലില്ല മലയും ഇല്ല
പച്ചയണിഞ്ഞ പാടങ്ങളിൽ
വന്നത് കൂറ്റൻ കെട്ടിടങ്ങൾ
മഴ കണ്ട കാലം മറന്നിതോ
സൂര്യ ചൂടിന്നിരയായി നാമിതാ
കഠിനമാം അഗ്നിതൻ ചുഴിയെന്ന

ചില്ലയിൽ അറിയാതെ നാം പെട്ട നേരം
ഓർക്കുന്നു ഞാൻ ഇന്ന് ആ നല്ല നാളുകൾ
വിരഹ ദുഃഖത്തിൻ വേദനയിൽ
ആ പൊന്നു നാളുകൾ തിരികെ അണയുവാൻ
ഒരു കുഞ്ഞു ശലഭത്തിൻ തോളിലിരുന്ന്
ഞാനിന്നു മൂകയായി കാത്തിരിപ്പൂ
നല്ല നാളുകൾ തിരികെ അണഞ്ഞാൽ
ഇരുകൈയും നീട്ടി ഞാൻ സ്വീകരിക്കും
ആ നല്ല പുണ്യ മലയാളനാടിനെ
പച്ച ഉടുപ്പിട്ട വയലുകളെയും
\- ഓലമേഞ്ഞ കൊച്ചുകുരകളെയും
കളകളം പാടുന്ന അരുവികളെയും
നന്തുണി മീട്ടുന്ന ജലതരംഗത്തെയും
നനവാർന്ന മിഴികളാൽ കാത്തിരിപ്പൂ
ഞാനിന്ന് നനവാർന്ന മിഴികളാൽ കാത്തിരിപ്പൂ





# ഒരു മഴയുടെ ഓർമ്മ





അഭിരാമി പി
10 C

ജീവനെയും മനസ്സിനെയും കുളിരണിയിപ്പിക്കുന്ന മധുരമേറിയ ഓർമ്മയാണ് മഴ. എന്നാൽ മഴയ്ക്ക് വാശിയേറിയാൽ എന്തെല്ലാം സംഭവിക്കുമെന്ന് പ്രവചിക്കാൻ കഴിയില്ല. മഴയുടെ വാശിയും വീറും അനുഭവിച്ചറിഞ്ഞവരുടെ കാര്യം ശരിക്കും ഗുരുതരമായിരിക്കും . കർക്കിടക മാസത്തിലെ കോരിച്ചൊരിയുന്ന മഴയത്ത് ആഞ്ഞു വീശുന്ന കാറ്റിന്റെ ശക്തിയിൽ മരങ്ങളെല്ലാം ആടിയുലയുകയും ചിലത് ബന്ധങ്ങൾ നഷ്ടപ്പെട്ട് മണ്ണിൽ തലചായ്ക്കുകയും ചെയ്യുന്നു. എങ്ങും മഴയുടെയും ഇടിയുടെയും ആർപ്പുവിളികൾ മാത്രം.

വൈകുന്നേരം സ്കൂൾ വിട്ട് കുട്ടികളെല്ലാം വീട്ടിലേക്ക് പോകുന്നതിന്റെ സന്തോഷത്തിലാണ്. എന്നാൽ മനുവിന് ആ സന്തോഷത്തിൽ പങ്കുചേരാൻ കഴിഞ്ഞില്ല. കഴിഞ്ഞ വർഷത്തെ പേമാരിയിൽ വീടും വീട്ടുകാരും നഷ്ടപ്പെട്ടവനാണ് മനു. ആ സംഭവത്തിനു ശേഷം മനുവിന് എന്നും പേമാരിയായിരുന്നു. അവന്റെ കണ്ണിൽ നിന്ന് ഇറ്റുവീഴുന്ന ഓരോ കണ്ണുനീരും പേരാരിയായായാണ് ഭവിച്ചുകൊണ്ടിരുന്നത്.

കൂട്ടുകാരെല്ലാം അവരുടെ പുത്തൻ കുടയും ചൂടി റോഡിലൂടെ ഒഴുകുന്ന വെള്ളത്തിൽ കാല് ചവിട്ടിയും തോണിയൊലുപ്പിച്ചും കളിക്കുന്നു. എന്നാൽ മഴ പെയ്യുമ്പോൾ മനു ചിന്തിക്കുന്നത് അവന്റെ കുടുംബത്തെയാണ്. അച്ഛനും അമ്മയും അനിയനും അടങ്ങുന്ന ഒരു കൊച്ചു കുടുംബം. കാറ്റിന്റെ ശക്തിയിൽ കുട പാറിപ്പോകുമ്പോൾ തന്റെ വീട് നഷ്ടപ്പെട്ടതാണ് മനുവിന് ഓർമ്മവന്നത്.

മനുവിന്റെ മാമൻ സുഭാഷ് വീട്ടിലെത്തുന്നത്. എന്നും പണി കഴിഞ്ഞു വരുമ്പോൾ മനുവിനും അവന്റെ അനിയൻ കിച്ചുവിനുമായി എന്തെങ്കിലും ഒന്ന് കയ്യിൽ കരുതിയിരിക്കും. എന്നാൽ അന്നത്തെ ദിവസം മാമൻ ഒന്നും കയ്യിൽ കരുതിയിരുന്നില്ല. മാമനും കൂടി വന്നിരുന്നതിനാൽ അമ്മ നേരത്തെ തന്നെ അന്നത്തെ അത്താഴം വിളമ്പിവച്ചു. എന്നാൽ മനു അത് കഴിക്കാൻ കൂട്ടാക്കിയിരുന്നില്ല. മനുവിനെ പട്ടിണിയിരുത്തി ഭക്ഷണം കഴിക്കുവാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നില്ല. അവന്റെ മുന്നിലേക്ക് ഒരു ചെറിയ പാത്രത്തിൽ കുറച്ചു ചോറും മുളക ചമ്മന്തിയുമായി അമ്മ വന്നു. അമ്മ രണ്ട് ഉരുള വാരിക്കൊടുത്തപ്പോഴേക്കും മനുവിന്റെ വയറ് നിറഞ്ഞിരുന്നു.

അമ്മ കുറച്ചു പച്ചക്കറി വാങ്ങാൻ പറഞ്ഞിരുന്നു. മാമൻ അത് വാങ്ങാനായി കടയിൽ പോകാൻ തുടങ്ങുമ്പോൾ കൂടെ പോകാൻ മനുവും വാശിപിടിച്ചു. മനുവിന്റെ അച്ഛൻ ഒരു ഗൗരവക്കാരനാണ്. അതുകൊണ്ട് തന്നെ മനുവിന് അച്ഛനെ വളരെ പേടിയുമാണ്. അന്ന് അച്ഛനെയും ധിക്കരിച്ചാണ് മനു മാമന്റെ കൂടെ പോയത്. മനു കടയിലേക്കു പോകുമ്പോൾ മഴ വീണ്ടും ശക്തി പ്രാപിച്ചിരുന്നു. കടയിൽ പോയി തിരിച്ചുവരുമ്പോൾ മനു കാണുന്നത് തന്റെ വീടുണ്ടായിരുന്ന സ്ഥലം ഒരു വലിയ മൺകൂനയായി തീർന്നതാണ്. എങ്ങും നിലവിളികളുടെയും രക്ഷാപ്രവർത്തനത്തിന്റെയും ശബ്ദങ്ങൾ മാത്രം. എന്നാൽ മനുവിന് സംഭവത്തിനെക്കുറിച്ച് ഒരെത്തുംപിടിയും കിട്ടിയിരുന്നില്ല. അപ്പോഴാണ് അവന്റെ ഹൃദയം കീറിമുറിച്ചെടുക്കുന്നത്രയും വേദനയുള്ള ഒരു കാഴ്ച അവൻ കണ്ടത്. ഒരു മരത്തിന്റെ ഇടയിൽ നിന്ന് അവന്റെ അമ്മയുടെ ശവശരീരം

വലിച്ച പുറത്തേക്ക് എടുക്കുന്നത്. അവനെ ഒരു ഏകാന്തതയിലേക്ക് തള്ളിവിടുന്നതായി അവന് തോന്നി. പിന്നെ കണ്ണുതുറന്നത് ഒരു ആശുപത്രിയിലാണ്. കണ്ണുതുറന്ന ഉടനെ അവൻ അന്വേഷിച്ചത് അവന്റെ കുടുംബക്കാരെയാണ്. എന്നാൽ അവനെ തനിച്ചാക്കി അവന്റെ അച്ഛനും അമ്മയും കൈയെത്താത്ത ദൂരത്തേക്ക് പോയിരുന്നു.

ബസ്സിന്റെ ഹോണടി ശബ്ദം കേട്ടാണ് മനു ആ ഒർമ്മയിൽ നിന്നും ഉണർന്നത്. അവൻ ഇപ്പോൾ ആരോരുമില്ലാത്ത അനാഥനെ പോലെ റോഡിന്റെ അരികിലൂടെ നടന്നുനിങ്ങുകയാണ്. ഒരോ ചെറിയ കുട്ടികളെയും കണ്ടുമ്പോൾ അവന് അനിയനെ ഓർമ്മ വരും.





# അവൾ





സാന്ദ്ര എ വി
9 B

അവൾ തന്റെ മിഴികൾ തുറന്നു... പതുക്കെ,വളരെ പതുക്കെ...... ലക്ഷക്കണക്കിന് കിലോമീറ്ററുകൾ വിസ്തൃതിയുള്ള അതിനേക്കാളേറെ കടമ്പകളുള്ള ഒരു പുതുലോകത്തേക്കാണ് താൻ കൺതുറന്നത് എന്ന് അവൾക്കറിഞ്ഞുകൂടാ..... എങ്കിലും എവിടെ നിന്നോ ആരോ ഉരുവിടുന്നത് കേട്ടുചൊല്ലുന്നതുപോലെ നിർത്താതെ അവൾ ചിണുങ്ങി... ങ്യാവൂ.....ങ്യാവൂ...... അനന്ത വിശാലമായ ലോകത്തിലെ പുതിയ അതിഥിക്ക് എന്തോ ഒരു കുറവുതോന്നി. അടുത്തേക്ക് തന്റെ രൂപത്തിൽ സാദൃശ്യമുള്ള ഒരു രൂപം കിടക്കുന്നത് അവൾ കണ്ടു. അതിനെ നോക്കി ഒന്ന് കരഞ്ഞു. ങ്യാവൂ..... അത് അമ്മയെ വിളിക്കുകയാണെന്ന് ഊഹിക്കാം. കാരണം,ഭാഷ പഠിക്കാതെ തന്നെ കുട്ടികൾ ആദ്യം ഉരുവിടുന്ന വാക്ക് അതാണ്.

എന്നാൽ ആ അമ്മ അനങ്ങിയില്ല. തന്റെ കാലുകൾ നീട്ടി വച്ച്, നടുവളഞ്ഞ്, തലയല്പം ചരിഞ്ഞ് കൂടാതെ വായ അൽപം തുറന്ന് അവിടെ തന്നെ കിടക്കുന്നു. എങ്കിലും അവൾ ആഗ്രഹിക്കുന്നത് ഏതു പൈതലും ആദ്യം കൊതിക്കുന്നത് മാതാവിന്റെ ചൂടേറ്റ് പറ്റിച്ചേർന്ന് ചുരുണ്ട് കിടക്കാൻ. മാതൃലാളന നഷ്ടപ്പെട്ട് ഇനിയൊരിക്കലും തനിക്ക് ആ ചൂട് ലഭിക്കില്ല എന്നറിയാതെ, അടുത്ത് ഒരു ഉഗ്രൻ വിഷപ്പാമ്പ് ചത്ത് കിടക്കുന്നതും അറിയാതെ അവൾ ഉറങ്ങി.....സുഖസുഷ്‌തിയോടെ..... എന്നാൽ തന്റെ പിഞ്ചുപൈതലിനെ കൊന്നുതിന്നാനടുത്ത വിഷപ്പാമ്പിനെ യമപുരിയിലേക്കയ്ക്കാൻ ആ മാതാവിനും ഉറങ്ങേണ്ടി വന്നു ...... എന്നെന്നേയ്ക്കുമായ് .........




# പ്രകൃതി പെണ്ണിൻ വേദന



ജിബിൻ ജോസ്
10 E










പ്രകൃതിതൻ പ്രക്ഷുബ്ധതയിൽ
കരപോലും കടലാകുമാവേളയിൽ
ഉണങ്ങും മുറിവിന്നലകടലിലേക്ക്-
ആഴ്ന്നു പോകുമൊരു പെണ്ണിൻ മനം
മെഴുകുതിരിയായി എരിഞ്ഞു തീരുമാ
പെണ്ണിൻ മനസ്സിലെന്നേ
വിരിഞ്ഞ പൂമൊട്ടുകൾ
ഉണങ്ങാതെന്നും ശേഷിച്ചിരുന്നു.
ജീവാംശമായെന്നുമവളിൽ
കത്തിജ്വലിക്കുന്ന സ്വപ്നത്താൽ
നദിയായി   ഒഴുകുമാ മനസ്സേതോ
വിരഹത്തിൻ കൊങ്കാറ്റാൽ.
തട്ടിയുണർത്തവേ
മനമുരുകുമാ പെണ്ണിൽ
മിഴികളിൽ നിന്നുമടരും
അശ്രുധാരയിലാ പ്രകൃതിതൻ
അന്തരംഗമൊരു പ്രളയമായുയർന്നു



# മരിച്ച് ജീവിക്കാതെ



പ്രിൻഷ.ജി
9 C


അവൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന കാലമുണ്ടായിരുന്നു. അന്ന് സ്വാതന്ത്ര്യത്തോടെ നടക്കാം. ആരെയും ഭയക്കാതെ പിന്നെ ആ ചുറ്റുപാടും വെളുപ്പും കറുപ്പും കലർന്ന പഞ്ചാര മൺത്തരികൾ, കെട്ടിനിൽക്കുന്ന നിഴൽ, കലങ്ങിയ വെള്ളം, മീതെ പാറിക്കിടക്കുന്ന പഴുത്ത പ്ലാവിലകളും. പച്ചപ്ലാവിലകളും അവൾക്കിഷ്ടമായിരുന്നു. എന്നാൽ നാട്ടിൻപുറം എന്നത് അവൾക്കിപ്പോൾ ഒരു ഓർമ്മമാത്രം. മുത്തശ്ശി പറയുന്ന തനി നാടൻ മലയാളം. പക്ഷേ ഇപ്പോൾ, അവൾക്ക് പുറത്തിറങ്ങാൻ ഭയം, മരമില്ല, തണലിനായി അലയണം, അശുദ്ദമാക്കപ്പെട്ട വെള്ളം, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ മണ്ണ്. പക്ഷികളെ കാണാനില്ല, പുല്ല് കഴിക്കുന്നതിന് പകരം പ്ലാസ്റ്റിക്ക് കഴിക്കുന്ന പശുക്കൾ, നോക്കുന്ന ഇടമെല്ലാം കെട്ടിടങ്ങൾ. ആർക്കും പരസ്പരം സംസാരിക്കാൻ സമയമില്ല.

ഇന്നത്തെ തലമുറ സ്മാർട്ട് ഫോണിന്റെ കണ്ടുപിടിത്തതോടെ തലകുനിഞ്ഞ തലമുറയായി. ആർക്കെങ്കിലും ഒരപകടം പറ്റിയാൽ ഫോണെടുത്ത് കുറെ ലൈക്കിനും കമന്റിനുമായി അയാളുടെ ജീവൻ നഷ്ടപ്പെടുത്തുന്ന ന്യൂജനറേഷൻ. ശ്വാസം മുട്ടി നിലവിളിക്കുന്ന ഭൂമിയുടെ ശബ്ദം ആരും കേൾക്കുന്നില്ല. സാമൂഹ്യ പ്രവർത്തകർ എന്ന് പറഞ്ഞ് നടക്കുന്നവർ സമൂഹത്തിനെതിരായി എന്തൊക്കെയോ ചെയ്യുന്നു.

സമയമില്ലാത്ത ഓട്ടത്തിൽ ഒറ്റപ്പെട്ട് പോകുന്ന കുട്ടികൾ. ആർക്കോവേണ്ടി സമ്പാദിച്ചുകൂട്ടുന്ന രക്ഷിതാക്കൾ. അപ്പുറം ഒന്നിനും ഗതിയില്ലാതെ മറ്റുള്ളവരുടെ എച്ചിൽ തിന്നുന്നവർ. പാവപ്പെട്ടവരുടെ വേദന മനസ്സിലാക്കാതെ കൊള്ളയടിക്കുന്ന രാഷ്ട്രീയ പാർട്ടികൾ. സഹായത്തിന് എത്തേണ്ടവർ ,കുറ്റവാളികൾക്ക് കൂട്ടുനിൽക്കുന്ന പോലീസ് യേമാൻമാരും നിയമപാലകരും. വീടില്ലാതെ സർക്കാർ വീടിനായി കാത്തുനിന്ന് എല്ലാം ശരിയായി വരുമ്പോഴേക്കും വരുമാനമുള്ളവർക്ക് വീടുനൽകുന്നു.

ആരാണ് ദൈവം........? എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളു ഒരപകടമോ തനിക്കുണ്ടാകുന്ന പ്രശ്നമോ ആവട്ടെ അവിടെ തന്നെ രക്ഷിക്കുന്ന ആളാണ് ദൈവം. ഓരോ മനുഷ്യരിലും ദൈവം ഉണ്ട്. എത്ര വലിയ ഉദ്യോഗമുണ്ടായിട്ടും ആ ഉദ്യോഗത്തിന്റെ വില അറിയാത്തവർ. ഇതൊക്കെ അവൾ ചിന്തിച്ചു. എന്നാൽ ഈ ചിന്തയിൽ പലതും വിട്ടിട്ടുണ്ട് എന്നറിഞ്ഞ് കൊണ്ട് പുറത്ത് പറയാൻ ധൈര്യമില്ലാതെ മനസിൽ മന്ത്രിക്കുകയാണ്.

“കേൾവികൾ നശിച്ചു എന്ന് വിചാരിക്കുന്ന മനുഷ്യരെ. ഈ ദുഷിച്ച ചിന്തമാറ്റി വിശന്ന് മരിക്കുന്നവരുടെയും, പാവം നിഷ്കളങ്കയായ പെൺകുട്ടികളെയും, രക്ഷിക്കൂ..........ജീവിതം ഒന്നേയുള്ളു അത് ജീവിച്ച് തീർക്കുക കഷ്ടതകൾ അനുഭവിക്കുന്നവരെ.......... ജീവിതം മരിച്ചു തീർക്കാതിരിക്കുക.”



# കൊഴിഞ്ഞുപോയ ഇലകൾ



ദേവപ്രിയ സി

9 E

കാലത്തിനാവുമോ സ്വപ്നത്തിലുള്ള ഒരു
ജീവിതയാത്ര തൻ നേർ കളിക്കാൻ
എതിരില്ലാതെയാ പോയി പോയ കാലങ്ങൾ
എന്നെ തിരഞ്ഞു നടൻ നീളവേ
വിട്ടുമാറാൻ ശ്രമിക്കുമ്പോഴും
തേടിയലഞ്ഞു വന്നിടാം
ദിനങ്ങൾ പൊഴിഞ്ഞിടും കാലങ്ങൾ
മാറിടും മാറാൻ ശ്രമിക്കുന്ന മാറ്റങ്ങൾ
കാലത്തിൻ വീഥിയിൽ പോയി ഇടവേ
കൊഴിയും ഇലകൾ പോൾ വന്നീടും
മരങ്ങളിൽ എന്നെ തേടിവന്ന മധുരമായ
ഓർമ്മകൾ വിസ്മയ പാഠം ആ ഓർമ്മകൾ



# നവകേരള സൃഷ്ടിക്കായി



കാവ്യ രവീന്ദ്രൻ
10 C

കാടും മലകളും മരങ്ങളും നിറഞ്ഞുനിൽക്കുന്ന നമ്മുടെ കേരളം എത്ര സുന്ദരമാണ്. കേരളത്തിലെ ഓരോ പുൽനാമ്പും അതിന്റേതായ സൗന്ദര്യം നൽക്കുന്നുണ്ട്. തെങ്ങുകൾ അലങ്കാരമായി തീർന്ന നമ്മുടെ കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് പല കവികളും കേരളത്തെ തങ്ങളുടെ കവിതയിലൂടെ വർണിക്കുന്നുണ്ട്. കേരളത്തെ ഭാവാത്മകമായി വർണ്ണിക്കാത്ത ഒരു കവി പോലും ഇന്ന് കേരളത്തിൽ ഉണ്ടാവില്ല. അതിമനോഹരമാണ് നമ്മുടെ സ്വന്തം കേരളം

മഹാപ്രളയത്തിൽ കൊഴിഞ്ഞുപോയ ഓരോ പൂക്കളും അടുത്തഘട്ടത്തിലെ കേരളത്തിന്റെ വലിയൊരു തിരിച്ചുവരവിനായി കാതോർക്കുകയാണ്. ഓരോ മരങ്ങളും ഇലകളും ജീവനെക്കാളും അതിനു വേണ്ടി കാത്തിരിക്കുകയാണ്. മനോഹരകേരളം പ്രളയം വിതച്ച കെടുതിയിൽ നശിച്ചുപോയിരിക്കുന്നു. നമ്മുടെ കേരളത്തെ ആ പ്രളയം മുഴുവനായും തിന്നു കഴിഞ്ഞിരുന്നു. പ്രളയത്തിൽ തകർന്നുപോയ ഓരോ ജീവനും അവരുടെ പഴയ കേരളത്തെ തിരിച്ചു കിട്ടാൻവേണ്ടി പരിശ്രമിക്കുകയാണ്. ഒത്തൊരുമയോടെ കൊഴിഞ്ഞു പോയ ഓരോ ജീവനും വേണ്ടിയും നമ്മൾ പരിശ്രമിക്കും. ദൈവത്തിൻറെ സ്വന്തം നാടിനെ നമ്മൾ വീണ്ടെടുക്കുക തന്നെ ചെയ്യും. പ്രളയം ആ മൂന്ന്

അക്ഷരങ്ങൾ നമ്മുടെ കൊച്ചു കേരളത്തെ വിഴുങ്ങിയപ്പോൾ നിലച്ചുപോയ ഓരോ ഹൃദയവും പുതിയൊരു സൃഷ്ടിക്കുവേണ്ടി തുടിക്കുകയാണ്.

ഇനിയും ജീവൻ ബാക്കിയുള്ള നമ്മുടെ കേരളത്തെ നമുക്ക് കൈ കൊടുത്ത് എഴുന്നേൽപ്പിക്കാം. ഇനിയുള്ള നവകേരളം പണ്ടുള്ള കേരളത്തേക്കാൾ അതിമനോഹരമാക്കി തീർക്കാം. നമ്മുടെ ഓരോ കൈകളും അതിനുവേണ്ടി പരിശ്രമിക്കണം. നമ്മുടെ കൈത്താങ്ങാണ് നവകേരള സൃഷ്ടിക്കായി നാം നൽകേണ്ട വാഗ്ദാനം. പച്ച ഉടുപ്പിട്ട മലകളും കുന്നുകളും നീല വർണത്തിൽ ഒഴുകിനടക്കുന്ന നദികളും ഇനിമുതൽ അതിമനോഹരമായിരിക്കണം.

വിദ്യാലയങ്ങളിൽ പുതു പുഞ്ചിരിയുമായി കുഞ്ഞുങ്ങൾ കളിച്ചു രസിക്കണം. ആകാശത്തുനിന്ന് മഴക്കാറുകൾ കാണുമ്പോൾ കിളികൾ വളരെ സന്തോഷത്തോടെ ആടി വീഴാത്ത സ്വന്തം കൂടുകളിലേക്ക് പറന്നു കയറണം. കൊടുങ്കാറ്റും ഇതുപോലെ മഹാപ്രളയവും ഇനി വരുമ്പോൾ തകർന്നു വീഴാത്ത തങ്ങളുടെ വീടുകൾക്കുള്ളിൽ ധൈര്യത്തോടെ ഇരിക്കാൻ ഓരോവ്യക്തിക്കും കഴിയണം. ഇനിയുള്ള കേരളം ഇതുപോലെ ആയിരിക്കണം. കേരളത്തിന്റെ വൈവിധ്യങ്ങളെക്കുറിച്ച് പഠിക്കാനും പുതുതലമുറയ്ക്ക് അതിൽ ലയിച്ചു ചേരാനുമുള്ള അവസരം നമ്മൾ ഉണ്ടാക്കി കൊടുക്കണം. കേരളത്തെ സുന്ദരമാക്കാൻ നമുക്ക് കൈകോർക്കാം

കൈകോർക്കാം നമുക്കെല്ലാവർക്കും...........നവകേരള സൃഷ്ടിക്കായി........... കൈകോർക്കാം ...........നമുക്കെല്ലാവർക്കും

# ചിത്ര ജാലകം



സായന്ത കെ സി
10 E





അപർണ സി
**9 E**



അലീന ജോൺസൺ

9 E





പ്രേമരാജൻ കെ വി



Jishnu Raj C

# മഴവെള്ളം മഴവെള്ളം സർവ്വത്ര





അമൽ രാജ്

9 A

മഴവെള്ളം മഴവെള്ളം
വെള്ളം വെള്ളം സർവത്ര
തുള്ളി കുടിക്കാൻ ഇല്ലത്രെ.
ഹരിത ഭൂമിയിൽ നിന്നാം ആളുകൾ
സഹതാപത്തോടെ തന്നെ നോക്കി
കഴിയാം വണ്ണം കടാക്ഷം എന്നിൽ
കുളിരിൽ ശ്രുതിയിൽ നരപ്പിച്ച
നാളുകൾ അത്രയും പിന്നിടുന്നു
ഇനിയും നല്ലൊരു മഴയെ തേടി
പ്രപഞ്ചം ഒന്നര സങ്കല്പത്തിൽ
മാനവരാശിയെ നിലനിർത്തി ഇടാം
ഇനിയും മറ്റൊരു പഴയ കാത്തു
കഴിയാം വണ്ണം നിന്നിടാം
നൽകു നമുക്ക് വീണ്ടും വീണ്ടും
ഫലവത്തായ സു വിഭവങ്ങൾ



പടവും കയറിയിട്ടും

കൊയ്ത്തും അനവധി ആയ

ലക്ഷം പൂർണ്ണം പരി വൃത്തിയാക്കാൻ

ധന കൊഴപ്പ് മനം കുളിർത്തു

കൃഷിതന്നെ ഞങ്ങൾ

മലമുഴക്കി ഇടാം

ശ്രുവിക്കാൻ നല്ല സുഹൃത്ത് അംഗങ്ങൾ

മനം സുധ പോലെ കുളിർപ്പിക്കാൻ

കഷ്ടം ഞങ്ങളിൽ ജീവിതം

രാഗ സ്നേഹം ചാർത്തിടാം

മഴയോട് അപേക്ഷിക്കുന്നു നീ

ഞങ്ങൾ നിന്നെ കാണും മാതിരി


താങ്ങണം







# മരശ്രുതി





ഗിരീഷ് പെരിങ്ങത്തൂർ

HSAMal

മനുഷ്യനും മരങ്ങളും ഒന്നാകുന്ന യാഥാർഥ്യത്തിൽ നിന്നാണ് വിശ്വമാനവിക സ്നേഹം ഉയിർ കൊള്ളുന്നത്.വൃക്ഷങ്ങൾ എപ്പോഴും നിശബ്ദമാണ്.അത് ധ്യാനത്തിന്റെ പരകോടിയിൽ വിലയിക്കുന്നു.അതിന്റെ ആത്മാവ് ജീവജാലങ്ങളുടെ ഏകതാനതയിൽ കുടികൊള്ളുന്നു.ഗുരുത്വാകർഷണത്തിന്റെ കേന്ദ്രത്തിൽ അതിന്റെ വേരുകളാഴ്ത്തി പൈതൃകത്തിന്റെ കഥ പറയുന്നു.നല്ല വാക്കുകൾ പോലും ഭൂമിയിൽ വേരുറച്ചതും ആകാശത്തിൽ പടർന്നതുമായ ഒരു വൃക്ഷമാണ്(വി.ഖുർ.ആൻ).ഒരു മരം കാണാൻ മർത്ത്യന് ഒരായുസ്സ് പോരാത്തതുംഅതുകൊണ്ടാണ്.

സംസ്കാരത്തിന്റെ കളിത്തൊട്ടിൽ തീർക്കാൻ മാനവ രാശിക്ക് ഇടം നൽകിയത് മരച്ചില്ലകളാണ്.ഏതോ ചരിത്ര ദശാസന്ധിയിൽ കൂടപ്പിറപ്പിൽനിന്ന് വേർപ്പെട്ട് പോയപ്പോൾ ''അനുജത്തി....നീയെന്നെ മറന്നു അല്ലേ?''എന്ന് നിശബ്ദമായി തേങ്ങാൻ മാത്രമേ പച്ചിലകൾക്ക് കഴിയുന്നുള്ളൂ.പ്രണയം പെയിതിറങ്ങുന്ന പൂമരച്ചില്ലയും ഒരു കൊച്ചു കാറ്റു വന്നാൽ ഉതുതുരേ പൂമഴ പെയ്യുന്ന ഗ്രാമ ഭംഗിയും കവി ഭാവനയ്ക്ക് പുതിയ


അർത്ഥങ്ങൾ നൽകി.കാടുകളും മേടുകളും കാട്ടരുവികളും വിശ്വപ്രകൃതിയുടെ വിളനിലങ്ങളായി.ഇരുണ്ട കാവുകളുടെ പേടിപ്പെടുത്തുന്ന കാവലാളായി നാഗങ്ങൾ.അന്തിത്തിരി കൊളുത്താൻ നാഗക്കാവിലണയുന്ന കരിവളയണിഞ്ഞ തരുണികൾക്ക് ജീവിത പ്രതീക്ഷകളുടെ പ്രാർത്ഥനകളായി മാറി കാടുകൾ.പുള്ളുവൻ പാട്ടും നാഗക്കളവും ഉറഞ്ഞ് മുടിയഴിച്ചാടുന്ന സ്ത്രീകളും പ്രകൃതിയുടെ ചേതനയിൽ കെട്ടി വിരിയുന്ന കാട്ടുവള്ളികളായിമാറി.

ഭീതമായ സർപ്പക്കാവുകളും ഭൂമിയുടെ പ്രാർത്ഥനകളായ മഹാവൃക്ഷങ്ങളും ഒരിക്കലും വീണ്ടെടുക്കുവാനാവാത്ത നഷ്ടങ്ഹളാണെന്ന് പുതിയ കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു.ആത്മബോധം നശിച്ച പുതുതലമുറ പൈതൃകത്തെ തിരസ്കരിക്കുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുകയും ചെയ്യുന്നു.മരങ്ങളും പുഴകളുമില്ലാത്ത ഒരു പ്രദേശം മനുഷ്യകുലത്തിന്റെ അന്ത്യയാത്രയാണ് വിളിച്ചോതുന്നത്.പ്രകൃതിയിൽ നിന്നകലുമ്പോൾ മാനവകുലത്തിന് നഷ്ടമാകുന്നത് അതിന്റെ ആർദ്രമായ സംചേദനമാണ്.

നിങ്ങൾ ഒരു തുളസി ച്ചെടി നട്ട് ദിവസവും രാവിലെ അതിനെ വെള്ളം നനച്ച് പരിപാലിക്കുക.അതിനോട് നിശബ്ദമായി സംസാരിക്കുക.ഓരോ ദിനം കഴിയുന്തോറും അതിൽ പുതിയ ഇല തളിരിടുന്നതു കാണാം.നനുത്ത പ്രഭാതത്തിൽ അതിന്റെ ഓരോ ചലനവും സൂക്ഷ്മതയോടെ നിരീക്ഷിക്കുക.അത് വളരുകയും അതിൽ പുതിയ ചില്ലകൾ നാമ്പിടുന്നതുംഅവ നിങ്ങൾക്ക് സാന്ത്വനമേകുന്ന കരങ്ങളായി പരിണമിക്കുന്നതും അനുഭവവേദ്യമാകും .തുളസിച്ചെടിയുമായുള്ള സംവേദത്തിന്റെ പരകോടിയിൽ നിങ്ങളുടെ ആത്മാവും ചെടികളുചടെ ആത്മാവും ഒന്നാവുകയും ഓരോ പുൽകൊടിയും നിങ്ങളിൽ നിന്ന് ഭിന്നല്ലെന്ന തോന്നൽ നിങ്ങളുടെ ബോധത്തിൽ അലങ്കരിക്കുകയും ചെയ്യുന്നു.സർവ്വ ചരാചരങ്ങളും പുൽകളും പുഴുക്കളും നിങ്ങളുടെ തന്നെ അവയവത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നു. ഇവിടെയാണ

വിശ്വമാനവിക സ്നേഹത്തിന്റെ മൂർത്തിമദ്ഭാവം ഉയിർകൊള്ളുന്നത്.ഈ ഒരു വേളയിൽ വേഷങ്ങളോ ഭാഷകളോ വർണ്ണങ്ങളോ അതിരുകൾ തീർക്കാത്ത വിശാലമായ ഒരിടം മഹാ വൃക്ഷത്തിന്റെ ദിവ്യചേതനയിൽ കുടികൊള്ളുന്നു എന്ന സത്യത്തിലേക്ക് നിങ്ങൾ നിശബ്ദമായി എത്തി ച്ചേരുന്നു.പാരിസ്ഥിതിക ബോധമാണ് നാളെയുടെ പ്രതീക്ഷകൾക്ക് ചിറക് നൽകുന്നത്.





# സ്ക്കൂൾ ക്ലബ്ബുകൾ

## ലിറ്റിൽകൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഉദ്ഘാടനം 19/06/2018 പി.ടി.എ പ്രസിഡന്റ് ശ്രീ വിനോദ് വി.വി, ഹെഡ് മിസ്ട്രസ് ശ്രീമതി .കെ ആർ വിനോദിനിയുടെ അധ്യക്ഷതയിൽ നിർവഹിച്ചു.30 അംഗങ്ങളാണ് ക്ലബ്ബിലുള്ളത് തുടർന്ന് രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസും നടത്തി.അംഗങ്ങൾക്കുള്ള ഏകദിന ശിൽപശാല 26/06/2018 നടത്തി. ഹൈടെക് സ്കൂൾ പരിപാലനവുമായി ബന്ധപ്പെട്ട് സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കുള്ള ക്ലാസ് നടത്തുകയുണ്ടായി. . എല്ലാ ബുധനാഴ്ചയിലേയും ക്ലാസ്സുകൾ കൃത്യമായി നടക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് കുട്ടികളെ നയിക്കുന്നതിന് ക്ലബിന് സാധിച്ചു. സബ് ജില്ലാ തല ക്യാമ്പിൽ മികച്ച നിലവാരം പുലർത്താൻ അംഗങ്ങൾക്ക് സാധിച്ചു .

## സയൻസ് ക്ലബ്ബ്

**2018-19** അദ്ധ്യായന വർഷത്തെ ഹൈസ്കൂൾ തലം സയൻസ് ക്ലബ്ബിന്റെ പ്രവർത്തന റിപ്പോർട്ട്.

**29-06-2018**-ന് സയൻസ് ക്ലബ്ബ് രൂപീകരണം നടത്തുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ വ്യാഴാഴ്ചയും 1.30 ന് സ്മാർട്ട് റൂമിൽ വച്ച് സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. സയൻസ് ലാബിൽ ഒരു ടാലെന്റ് കോർണർ ഒരുക്കി കുട്ടികളുടെ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. സബ് ജില്ലാ , ജില്ലാ ശാസ്ത്ര

മേളകളിൽ നിരവധി സമ്മാനങ്ങൾ നേടുന്നതിന് ക്ലബ് അംഗങ്ങൾക്ക് സാധിച്ചു . ചാന്ദ്രയാൻ ദിനം വിപുലമായി ആഘോഷിച്ചു .ക്ലബ്ബിന്റെ നേതൃത്വത്തിൽ പോസ്റ്റർ രചന, ഉപന്യാസം, ക്വിസ് മത്സരങ്ങൾ നടത്തുകയുണ്ടായി .

## വിദ്യാരംഗം കലാ സാഹിത്യ വേദി

2018 -19 ലേ വിദ്യാരംഗം കലാ സാഹിത്യവേദി പി.ടി.എ പ്രസിഡന്റ് വി.വി വിനോദ് ഉദ്ഘാടനം ചെയ്തു.ഹെഡ്മിസ്ട്രസ് കെ.ആർ വിനോദിനി അധ്യക്ഷത വഹിച്ചു .

വായനാപക്ഷാചരണത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ നടത്തിയ സ്കൂൾതല സാഹിത്യ പ്രശ്നോത്തരിയിൽ നാല്പതോളം കുട്ടികൾ പങ്കെടുത്തു.അഭിജിത്ത് പി.എസ് ,തീർത്ഥ കെ.ബി ,അഞ്ജലി എസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

2018 ജൂലായ് ഒൻപതിന് കാക്കയങ്ങാട് ജനകീയ വായന ശാലയുടെയും സംയുക്താഭിമുഖ്യത്തിൽ എഴുത്തുപ്പെട്ടി സ്ഥാപിക്കലും അക്ഷരഭിക്ഷയും നടത്തി. പി.ടി.എ പ്രസിഡന്റ് വി.വി വിനോദ് ഉദ്ഘാടനം ചെയ്തു.സ്റ്റാഫ് സെക്രട്ടറി ഗിരീഷ് ബാല അധ്യക്ഷനായിരുന്നു.പ്രധാന അധ്യാപിക കെ.ആർ വിനോദി എഴുത്തുപെട്ടി ഏറ്റുവാങ്ങി.അക്ഷരഭിക്ഷ പ്രിൻസിപ്പാൾ ശ്രീ.പി.രവീന്ദ്രൻ നിർവഹിച്ചു.ഗഫൂർ മാസ്റ്റർ ,സുജിത ടീച്ചർ ,ഗിരീഷ് എന്നിവർ സംസാരിച്ചു.2018 സെപ്തംബർ 20 വ്യാഴാഴ്ച്ച പാല സ്കൂളിൽ നടത്തിയ ഏക ദിന നാടക പഠനകളരി വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി.പ്രശസ്ത ഫിലിം ആർട്ടിസ്റ്റ് റോബിൻ വർഗീസാണ് ക്ലാസ് നയിച്ചത്.യു.പി.,ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി അമ്പതോളം വിദ്യാർത്ഥികൾ പഠന കളരിയിൽ പങ്കെടുത്തു.വാർഡ് മെമ്പർ സജീവൻ കളരി ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് വി.വി.വിനോദ്

അദ്ധ്യക്ഷനായിരുന്നു.പ്രധാനാധ്യാപിക കെ.ആർ വിനോദിനി സ്വാഗതവും ഗിരീഷ് ബാല നന്ദിയും പറഞ്ഞു.ജി.എച്ച്.എസ്.എസ് പാലയിലെ വിദ്യാരംഗം സർഗ്ഗാത്മക പ്രവർത്തനങ്ങളുമായി വിദ്യാർത്ഥികൾക്ക് ഇടയിൽസജീവമാവുകയാണ്.കലുഷിതമായ സാമൂഹികാന്തരീക്ഷത്തിനെതിരെ എങ്ങനെ സർഗ്ഗാത്മകമായ പ്രതിരോധം തീർക്കാം എന്ന ചിന്തയാണ് ഇടപെടലുകൾ ക്രിയാത്മകമാകാൻ സഹായിക്കുന്നത്.ഇത്തരം ഇടപെടലുകളിൽ കൂടി വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുകയാണ് വിദ്യാരംഗം അതിന്റെ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുന്നത്.

## ഗണിതശാസ്ത്ര ക്ലബ്ബ്

ഗണിതശാസ്ത്ര മേളയിലെ ഇനങ്ങളായ ജ്യോമെടിക് ചാർട്ട് ,നമ്പർചാർട്ട്, അദർചാർട്ട്, പ്യുവർ കൺസ്ട്രക്ഷൻ,പസ്സിൽ, ഗെയിം ,സ്റ്റിൽ മോഡൽ എന്നിവയെ പ്രാക്ടീസ് നടത്തുകയും സ്കൂൾതല മത്സരവും നടത്തി സബ് ജില്ലകളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്തു. മാത് സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശ്രീ ഷാജി മാസ്റ്ററിന്റെ നേതൃത്ത്വത്തിൽ ക്ലബ്ബിലെ കുട്ടികൾക്കായി ഒരു ഏകദിന ശില്പശാല നടത്തി. സ്കൂൾ തല ക്വിസ് മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി,സബ്ജില്ലാ മത്സരത്തിനായി ഒരുക്കി. ഗണിത മാഗസീൻ നിർമ്മിച്ചു. ഭാസ്കരാചാര്യ സെമിനാർ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുകയും സബ്ജില്ലാ തലത്തിൽ പങ്കെടുക്കാൻ ഒരു കുട്ടിയെ തിരഞ്ഞെടുത്തു.

## ഇംഗ്ലീഷ് ക്ലബ്

2018-19 വർഷത്തെ ഇംഗ്ലീഷ് ക്ലബ് ജൂലായ്-10 ന് രൂപം കൊണ്ടു. 10E യിലെ സായന്ത്.കെ.സി സെക്രട്ടറിയും,അഞ്ജലി.എസ്.നമ്പ്യാർ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ജോർജ് ബർനാഡ് ഷാ

ദിനത്തോടനബന്ധിച്ച് എക് സ്റ്റമ്പറി സ്പീച്ച് നടത്തിയതിൽ 8E യിലെ ശ്രേയ.എൻ.റാം വിജയിയായി. പാബ്ലോനെരൂദയുടെ ജന്മദിനവുമായി ബന്ധപ്പെട്ട് നടത്തിയ ഇംഗ്ലീഷ് റെസിറ്റേഷൻ കോമ്പറ്റീഷനിൽ അഞ്ജന ജിദീഷ് ഫസ്റ്റ് നേടി. മദേഴ്സ് ഡേയുമായി ബന്ധപ്പെട്ട് നടത്തിയ കവിതാ രചനാ മൽസരത്തിൽ 8E യിലെ നിരഞ്ജന.വി.എസ് ഒന്നാം സ്ഥാനം നേടി.നവംമ്പർ മാസത്തിൽ ദസ്തയേവ്സ്കിയുടെ ജന്മദിനത്തോടനബന്ധി-ച്ച് നടത്തിയ സാഹിത്യ ക്വിസ്സിൽ 10E യിലെ അഞ്ജലി.എസ് നമ്പ്യാർ ഒന്നാമതെത്തി.

## ഉറവ പരിസ്ഥിതി ക്ലബ്ബ്

### ചക്ക മഹോത്സവം

നാട്ടുഭക്ഷണം നല്ല ഭക്ഷണം എന്ന സന്ദേശവുമായി പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇരിട്ടി ഗ്രീൻ ലീഫിന്റെ സഹകരണത്തോടെ അഞ്ചാമത് ചക്ക മഹോത്സവം സംഘടിപ്പിച്ചു.

പ്രീപ്രൈമറി മുതൽ പത്താംതരം വരെ എല്ലാ ക്ലാസ്സിലെ കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കിയ 1200 ലധികം വിഭവങ്ങൾ പ്രദർശിപ്പിച്ചു . മുന്നൂറോളം വ്യത്യസ്ത ഇനങ്ങളിൽ പെട്ട വിഭവങ്ങൾ ഉണ്ടായിരുന്നു . ചക്കയുടെ പ്രാധാന്യം വിളിച്ചോതുന്ന പോസ്റ്റർപ്രദർശനം, ചക്ക പാട്ടുകളുടെ അവതരണം എന്നിവയും നടന്നു. സംസ്ഥാനത്തുതന്നെ വേറിട്ട മഹോത്സവമായി ഇത് മാറി

### പരിസ്ഥിതി ശിൽപശാല

ഇരിട്ടി ഗ്രീൻ ലീഫ്, ഹരിതകേരള മിഷൻ ,കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവയുടെ സഹകരണത്തോടെ പരിസ്ഥിതി ശിൽപശാല സംഘടിപ്പിച്ചു. ഗ്രീൻ ലീഫവുമായി സംയുക്തമായി നടപ്പാക്കുന്ന നാട്ടുപച്ച പരിസ്ഥിതി ബോധന പരിപാടിയുടെ ഉദ്ഘാടനം നടന്നു.

## സാമൂഹ്യശാസ്ത്രക്ലബ്ബ്

2018 19 അദ്ധ്യയനവർഷത്തെ സാമൂഹ്യശാസ്ത്രക്ലബ് 'പൈതൃകം' 2018 ജൂലൈ ആറിനു വിദ്യാലയത്തിൽ രൂപീകരിക്കപ്പെട്ടു. അഭിനന്ദ് കെഎം ദേവിക സുധാകരൻ എന്നിവരെ യഥാക്രമം പ്രസിഡൻറ് ,സെക്രട്ടറിയുമായി തെരഞ്ഞെടുത്തു. കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധതയും സഹിഷ്ണുതയും സാഹോദര്യവും വളർത്തി അവരെ ഉത്തമ പൗരന്മാരായി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

പ്രധാന ദിനാചരണങ്ങളും (പരിസ്ഥിതി ദിനം, മയക്കുമരുന്ന് വിരുദ്ധദിനം, ജനസംഖ്യാദിനം, ചാന്ദ്രദിനം, ഓസോൺ ദിനം, ഐക്യരാഷ്ട്ര ദിനം, നിയമ ദിനം, മനുഷ്യാവകാശ ദിനം) ദേശീയപ്രാധാന്യമുള്ള സ്വാതന്ത്ര്യദിനം ഗാന്ധിജയന്തി എന്നിവ വൈവിധ്യമാർന്ന പരിപാടികളോടെ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിയമ ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു . ജില്ലാതല നെഹ്റു ക്വിസിൽ അഭിജിത്ത് പി എസ് 8A ഒന്നാം സ്ഥാനം നേടി, സബ്ജില്ലാതല സാമൂഹ്യശാസ്ത്രമേള അറ്റ്ലസ് നിർമ്മാണത്തിൽ കാതറിൻ സജി 8E ഒന്നാം സ്ഥാനം കരസ്ഥമാക്കി.

സബ്ജില്ലാതല സാമൂഹ്യശാസ്ത്ര മേളയിൽ 41 പോയിന്റുകൾ നേടി ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കുന്നതിന് നമ്മുടെ വിദ്യാലയത്തിനു കഴിഞ്ഞു . അഭിമാനാർഹമായ മികവുകൾ സമ്മാനിച്ച വിദ്യാർത്ഥികൾക്ക് ക്ലബ്ബിന്റെ അനുമോദനങ്ങൾ. അവരെ പിന്തുണച്ച എല്ലാ അധ്യാപകർക്കും രക്ഷിതാക്കൾ നന്ദി.

## അറബിക് ക്ലബ്

2018 - 19 അധ്യയന വർഷത്തെ അറബിക് ക്ലബ് രൂപീകരണം ജൂലൈ 16 ന് നടന്നു. അറബി ഒന്നാം ഭാഷയായി എടുത്തു പഠിക്കുന്ന

വിദ്യാർത്ഥികളുടെ ഭാഷാപരമായ നൈപുണികളുടെ പുരോഗതിക്കായി അറബി ക്ലബ് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു . ഓരോ ക്ലാസ്സിൽ നിന്നും പ്രതിനിധികളെയും, ക്ലബ് കൺവീനറായി ജുമാന എം നെയും തിരഞ്ഞെടുത്തു. സബ് ജില്ലാ സ്കൂൾ കലോത്സവത്തിന് മികച്ച പ്രകടനം നടത്താൻ ക്ലബ് അംഗങ്ങൾക്ക് സാധിച്ചു

## ഊർജ്ജ ക്ലബ്

2018-19 അധ്യയന വർഷത്തെ ഊർജ്ജ ക്ലബ് ജൂലൈ 6 ന് രൂപീകരിച്ചു. വിദ്യാലയത്തിലും വീടുകളിലും ഊർജ്ജ ഉപയോഗം കുറക്കുക, വൈദ്യുതോർജ്ജം സംരക്ഷിക്കേണ്ട ആവശ്യത്തെക്കുറിച്ചുള്ള അറിവുകൾ എല്ലാവരിലും എത്തിക്കുക എന്നിവയൊക്കെയാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കതിരൂർ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചുനടന്ന റവന്യു ജില്ലാ ഊർജോത്സവം 2018 ൽ സ്കൂളിൽ നിന്നും കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്തു.

## എൻ സി സി

സ്കൂളിൽ എൻ സി സി ബാച്ച് പ്രവർത്തിച്ചുവരുന്നു.ഇപ്പോൾ എട്ട് ഒമ്പത് ക്ലാസുകളിലായി ആൺകുട്ടികളുമായി പെൺകുട്ടികളുമായി 80 കേഡറ്റുകൾ പരിശീലനം നേടി വരുന്നു. ഒന്നാം വർഷക്കാരെ ജൂനിയർ കേഡറ്റുകൾ എന്നും രണ്ടാം വർഷക്കാരെ സീനിയർ കേഡറ്റുകൾ എന്നും അറിയപ്പെടുന്നു.സാധാരണയായി തിങ്കൾ , വെള്ളി ദിവസങ്ങളിലാണ് കേഡറ്റുകൾക്ക് പരിശീലനം നൽകിവരുന്നു.കേരളത്തിനകത്തും പുറത്തുമുള്ള ക്യാംപുകളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും നല്ല നിലവാരം പുലർത്തുകയും ചെയ്യുന്നു.മറ്റ് സാമൂഹ്യപ്രവർത്തനങ്ങളിലും കേഡറ്റുകൾ ഏർപെടുന്നുണ്ട്.നാഷണൽ ലെവൽ പരിശീലന ക്യാമ്പുകളിലും കേഡറ്റുകൾ അവരുടെ മികവ് തെളിയിക്കുന്നു.

# ഒരുനക്ഷത്രത്തിന്റെ ജീവിതചക്രം



സഹന കെ കെ
9 C

ധൂളികളും വാതകങ്ങളും ചേർന്നുണ്ടായ നെബുല എന്ന മേഘപടലത്തിൽ ആണ് ഒരു നക്ഷത്രത്തിന്റെ ജനനം. നെബുലയുടെ ഉയർന്ന സാന്ദ്രതയുള്ള ഒരു ഭാഗം ഘനീഭവിച്ച് ഭീമാകാരമായ ഒരു പന്തിന്റെ രൂപത്തിലാവുന്നു. ഉള്ളിലെ ആകർഷണത്തിന്റെ ഫലമായി ഇത് ചുരുങ്ങുകയും ഉപരിതല താപനില ഉയർന്ന് സ്വയം തിളങ്ങുകയും ചെയ്യുന്നു. കാലക്രമേണ ഉപരിതലത്തിലേക്കുള്ള ഊർജപ്രസരണം മന്ദീഭവിക്കുന്നു അപ്പോൾ; ബാഹ്യവലയം വികസിക്കുകയും താപനില കുറഞ്ഞ് ചുവപ്പുനിറം ആവുകയും ചെയ്യും.ഇത് ചുവന്ന ഭീമൻ എന്നറിയപ്പെടുന്നു.പിന്നീട് ബാഹ്യപാളിയിലെ ഇന്ധനം ;കത്തുന്ന വാതക ഗോളങ്ങളായി തെറിച്ചു വീഴുന്നു.ഇവയെ പ്ലാനിറ്ററി നെബുല എന്നും ഇവയുടെ സ്ഫോടനത്തെ സൂപ്പർനോവ സ്ഫോടനം എന്നും പറയുന്നു. പിന്നീട് ബാക്കിയായ നക്ഷത്രകേന്ദ്രം ചൂടുകുറഞ്ഞ് തിളക്കം മങ്ങി ഒരു വെള്ളകുള്ളനാകും. തിളക്കം പൂർണമായും നിലയ്ക്കുന്നതോടെ അതൊരു ഇരുണ്ട കുള്ളനായി തീരുന്നു.



# നദികൾ എന്ന ജീവവാഹിനികൾ






തീർത്ഥ കെ ബി
9 C

നാഗരികത പിറന്നുവീണതും പിച്ചവെച്ചതും പടർന്നുപന്തലിച്ചതും നദിക്കരയിലാണ്. ഭൂമി എന്ന ജീവഗ്രഹത്തെ എന്നും നീല പുതമ ചാർത്തി നിർത്താനും മുഖ്യകാരണം നദികൾ തന്നെ. പല നാട്ടുകളിലൂടെയും സംസ്കാരങ്ങളിലൂടെയും കടന്നുപോകുമ്പോഴാണ് ഒരു നദിക്ക് പേരും പെരുമയുമേറുന്നത്.സൂക്ഷ്മ ജീവികളായ ബാക്ടീരിയ മുതൽ ലോകത്തിലെ ഭീമൻ മൃഗങ്ങൾ വരെയും പല നിറത്താൽ ചാലിച്ചുകൊണ്ട് പുഷ്പത്തെ വിരിയിക്കുന്ന സസ്യങ്ങളുടെയെല്ലാം അടിസ്ഥാനം ജീവവാഹിനികളായ നദിയാണ്. നിരവധി സംസ്കാരങ്ങൾ പിച്ചവച്ചു നടന്നതും നദിയിലും നദിക്കരയിലുമാണ്. ഒന്നോർത്താൽ മനുഷ്യരാശിയുടെ ഉത്ഭവവും അവിടെ തന്നെ. പ്രകൃതിദത്തമായ ഉറവകളിൽ നിന്നും ഉത്ഭവിച്ച വലിയ നീർച്ചാലുകളായി മാറുന്ന ശുദ്ധജലസ്രോതകളാണ് നദികൾ. ചെറിയ നീരുറവകളായി തുടങ്ങുന്ന അവ പിന്നീട് പോഷകനദികളുമായി ചേർന്ന് മഹാനദികളായി മാറുന്നു. ഭൂമിയിലുള്ള ജലത്തിന്റെ ചെറിയൊരംശം മാത്രമേ 100 കോടിയിൽ പരമുള്ള ജനങ്ങൾക്ക് ആശ്രയമാവുന്നത്.മാലിന്യനിക്ഷേപ സ്ഥലമായി മാറുന്ന പുതുലോകത്തിന്റെ അവസ്ഥ ഏത് ദുരിതത്തിലേക്കാണ് വഴിയൊരുക്കുന്നതെന്ന് ഒരു ശാസ്ത്രത്തിനും കണ്ടെത്താൻ കഴിയില്ല. ലോകത്ത് പട്ടിണികൊണ്ടും ദാഹത്താലും

മരിച്ചുവീഴുന്ന ജനങ്ങളുടെ കണക്കെടുത്താൽ പിഞ്ചുകുഞ്ഞുങ്ങളാണ് ജീവനോടെ പിടഞ്ഞു മരിക്കുന്നത്.എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് നാമിന്നു കാണുന്നരീതിയിലായിരുന്നില്ല ഭൂമിയുടെ കിടപ്പ്. സീലാന്റിയ ഉൾപ്പെടെയുള്ള എട്ട് വൻകരകളും അഞ്ചു സമുദ്രങ്ങളും ഇന്നത്തേതുപോലെ വേർതിരിക്കപ്പെട്ടത് ഫലക ചലനങ്ങളുടെ ഫലമാണെന്ന് ചരിത്ര പഠനം തെളിയിച്ചു. പാൻജിയ എന്ന ഒറ്റ വൻകരയും അതിനെ ചുറ്റി പന്തലാസ എന്ന സമുദ്രവുമായിരുന്നു അന്നുണ്ടായിരുന്നത്. നിരവധി ജീവികളുടെ ആവാസവ്യവസ്ഥയാണ് സമുദ്രം.പുറംമോടിയിൽ കാണുന്ന സമുദ്രമല്ല ഉൾക്കാമ്പിൽ.ചെറിയ മത്സ്യം മുതൽ നീലതിമിംഗലം വരെയുള്ള നിരവധി പവിഴപ്പുറ്റുകളുടെയെല്ലാം കലവറയാണ് സമുദ്രം.



നാം മാലിന്യങ്ങൾ ഒരു പരിധിയുമില്ലാതെ സമുദ്രങ്ങളിലേക്ക് നിക്ഷേപിക്കുമ്പോൾ നഷ്ടമാവുന്നത് നമ്മുടെ ആവാസവ്യവസ്ഥയാണ്.മനുഷ്യരാശിയിലെ അടിസ്ഥാനഘടകമായ ജലം ഓരോ ദിവസവും മലിനമാവപ്പെടുകയാണ്. മനുഷ്യൻ തന്റെ സുഖസൗകര്യങ്ങ നടത്താൻ ശ്രമിക്കുന്ന വേളയിൽ ഭൂഗോളത്തിന്റെ എല്ലാ കോണുകളും മലിനീകരിക്കപ്പെടുന്നുണ്ട്.മനുഷ്യന്റെ കറുത്തകരങ്ങൾ സമുദ്രത്തിലും മുദ്രയായി പതിച്ചു.ഇപ്പോൾ കടന്നുകയറ്റം അന്യഗ്രഹങ്ങളിലുമെത്തി.മനുഷ്യന്റെ ത്വര അടങ്ങി അവശേഷിച്ച എല്ലാ വസ്തുക്കളും നിക്ഷേപിക്കാനുള്ള ഒരു മാലിന്യസംസ്കരണ വസ്തുവായിമാറി സമുദ്രം.ഇതിനൊക്കെ ഇരയായി വംശം തന്നെ നശിച്ച ഒട്ടനവധി ജീവിവർഗങ്ങളുണ്ട്.സമുദ്രത്തിൽ ആണ്ടുകിടക്കുന്ന വിസ്മയം എത്ര വിശാലമാണെന്ന് ഒരു ശാസ്ത്രശാഖയ്ക്ക് പോലും പൂർണമായി ഇന്നു വരെ കണ്ടെത്താൻ സാധ്യമല്ല.പക്ഷെ അതിനെ ജീവനോടെ കൊന്നൊടുക്കാൻ ഏതൊരു സാധാരണക്കാരനും സാധിക്കും.മനുഷ്യൻ അവന്റെ ത്വര അടങ്ങുന്നതുവരെ ചൂഷണം ചെയിതുകൊണ്ടിരിക്കുമ്പോൾ നഷ്ടമാവുന്നത് മനുഷ്യവംശം ഉൾപ്പെടെയുള്ള ജീവിവിഭാഗം തന്നെയാണ്.എല്ലാവരുടെയും കണ്ണുകൾ തുറക്കാനുള്ള ഒരു ദിവസത്തെ മനുഷ്യൻ അഭിമുഖീകരിക്കാൻ പോവുകയാണ്.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും ഇത്രയും പ്രധാന്യമർഹിക്കുന്ന ജീവവാഹിനികളായ സമുദ്രങ്ങളെ സംരക്ഷിക്കാനായി എല്ലാവരും ഒത്തിണങ്ങി കൈകോർക്കാനുള്ള ദിവസമായി ജൂൺ-8 ലോക സമുദ്രദിനമായി ആചരിക്കുന്നു.കൊന്നൊടുക്കി കൊണ്ടിരിക്കുന്ന സമുദ്രത്തെ കോർത്തിണക്കിയ കൈകൾകൊണ്ട് നമുക്ക് സംരക്ഷിക്കാം.







# കുടുംബം



ചിത്രലേഖ എ വി

H S A Mal

കൂട്ടുമ്പോളിമ്പമാർന്നതാണ്
കുടുംബമെന്നാരോ പറഞ്ഞു.
ഇമ്പത്തിന് താളമുണ്ട്
വീട്ടിലെ കാരണവരുവിടുന്നതാണ-
വസാനവാക്കെന്ന് മുത്തശ്ശി ചൊല്ലി
ഇതുകേട്ട് വളർന്ന മകൻ മനസ്സിലത്
ഉരുവിട്ട് കൊണ്ടേയിരുന്നു
എന്തിനും മേതിനും ദേഷ്യപ്പെടുന്ന പ്രകൃതം
തനിയെ ഉണ്ടാക്കിയെടുത്തു.
കാരണവരുടെ സ്ഥാനം കൂടി ഏറ്റെടുത്തപ്പോൾ
ദേഷ്യം പതിന്മടങ്ങായി
ഇതിഷ്ടപ്പെടാത്ത മകൾ പിറുപിറുത്തു
ഇതൊക്കെ കണ്ട് പൊട്ടിച്ചിരിച്ച അമ്മയോട്
ഫെമിനിസ്റ്റായ മകൾ ക്രോധത്തോടെ പുലമ്പി.
ഈ അമ്മയാണച്ഛനെ വഷളാക്കിയതെന്ന്







# അതിജീവനത്തിന്റെ കരുത്ത്





അഞ്ജന ജിതീഷ്
9 A

കേരളത്തെ കാർന്നു തിന്ന പ്രളയം എന്ന മഹാദുരന്തത്തെ ലോകം മുഴുവൻ നോക്കി നിൽക്കെ ഉയർത്തെഴുന്നേറ്റു.ഇന്ന് കേരളത്തിലെ ഓരോ ജനതയ്ക്കും അഭിമാനപൂർവ്വം പറയാനുണ്ടാവും ഉയർത്തെഴുന്നേൽപ്പിന്റെ ഒരു നീണ്ട കഥ!

ഒരു കാലത്ത് കേരളജനത വേനലിൽ മുങ്ങിയപ്പോൾ എല്ലാവരുംപ്രാർഥിച്ചു.ഒരുമഴയെങ്കിലുംകിട്ടിയിരുന്നെങ്കിലെന്ന്. എന്നാൽ ആ പ്രാർഥനയുടെ ഫലം നീണ്ട കാലം നീണ്ടു നിന്നപ്പോൾ ആരും പ്രതീക്ഷിച്ചില്ല ഇങ്ങനെ ഒരു അതിജീവനം.കേരളത്തിൽ ഇക്കഴിഞ്ഞ കൊല്ലങ്ങളിൽ വച്ച് നമ്മൾ നേരിട്ട ഏറ്റവും വലിയ ദുരന്തം.പഴിപറയാനോ കുറ്റപ്പെടുത്താനോ ഒന്നും ആർക്കും കഴിയില്ല!കാരണം എല്ലാറ്റിനും മനുഷ്യൻ തന്നെ.പ്രകൃതിയിൽ വികസനത്തിന്റെ പേരിൽ പുതിയൊരു പരീക്ഷണം മനുഷ്യർ നടത്തിയപ്പോൾ ആരും ഇത്തരമൊരു തിരിച്ചടി പ്രതീക്ഷിച്ചില്ല.എന്നാൽ ഇതിലൂടെ നമുക്ക് കാണാൻ സാധിച്ചത് മറ്റൊന്നായിരുന്നു.സന്തോഷത്തിൽ മാത്രമല്ല ദുഃഖത്തിലുംകേരളജനതയ്ക്ക് കോർക്കാനറിയാമെന്ന്.തീജ്വാലയിൽ നിന്ന് പറന്നുയർന്ന ഫിനിക്സ് പക്ഷികളെ പോലെ കേരള ജനത ഉയർന്നുവന്നു.

ജൂൺ-ജൂലായ് മാസങ്ങളിൽ ചുരുക്കം ചില സ്ഥലങ്ങളൊഴികെ വെള്ളത്തിനടിയിലായി മാറി.ഓരോ ഭാഗങ്ങളായി കാർന്നു- തിന്നുമ്പോഴും ഒരു ജീവന് പോലും പോറൽ വരാതെ നാട്ടുകാർ ഒത്തു കൂടി.പ്രശ്നം രൂക്ഷമാവാൻ അധികം നാളുകൾ വേണ്ടി വന്നില്ല.കേരളം മുഴുവൻ പടർന്നു പിടിച്ചപ്പോൾ നാട്ടുകാരും,സൈന്യങ്ങളും, പോലീസുകാരും എന്തിനേറെ സർക്കാരു പോലും വിശ്വാസത്തോടെ എല്ലാറ്റിനെയും കമഴ്ത്തി അടിച്ചുകൊണ്ട് മാതൃകയായി മാറി.

വീടുകൾ,കെട്ടിടങ്ങൾ അങ്ങനെ മനുഷ്യനുണ്ടാക്കിയെടുത്തസമ്പാദ്യം മുഴുവൻ പ്രളയം കാർന്നു തിന്നപ്പോൾ ഒടുവിൽ നമ്മുടെ കൈയ്യിൽ ഉണ്ടായിരുന്നത് "രക്ഷിക്കണം" എന്ന വാക്ക് മാത്രം. കേരളത്തിൽ ഒന്നര മാസത്തോളം മുഴങ്ങിക്കേട്ട പ്രതിധ്വനി"രക്ഷിക്കണമേ.....?”

ഒടുവിൽ ഇക്കഴിഞ്ഞ ഓണത്തിന് ഒത്തൊരുമയുടെ മറ്റൊരു മാതൃക കൂടി കേരളം കാട്ടി തന്നു.ഓരോ ദുരിതാശ്വാസ ക്യാമ്പിലും അന്ന് നടന്നത് മനുഷ്യന്റെ സ്നേഹം ഇന്നും നഷ്ടപ്പെട്ടില്ലെന്ന പച്ചയായ സത്യം കൂടിയാണ്.വലിയവരെന്നോ ചെറിയവരെന്നോ ഇല്ലാതെ എല്ലാവരും ഇതിൽ പങ്കാളികളായി എന്നതാണ് എന്റെ വീക്ഷണത്തിൽ എടുത്തു പറയേണ്ടത്.

ദുരിതാശ്വാസ ക്യാമ്പിൽ വസ്ത്രം,ഭക്ഷണം, ആവശ്യമായ സാധനം മുഴുവൻ എത്തിച്ചു.പിന്നീട് വീടുകൾ നൽകി,മുദ്ര പത്രങ്ങൾ പ്രമാണം,ലഘു ലേഖകൾ തുടങ്ങിയവ പുതുക്കികൊടുത്തു,വിദ്യാർത്ഥികൾക്കായി പുതിയ പുസ്തകങ്ങളും കൂടാതെ നഷ്ടപ്പെട്ട നോട്ടുകളിൽ കൂട്ടുകാരുടെ കൈപ്പട പതിഞ്ഞ എഴുത്തുകളോടെ പുതിയൊരു വിദ്യാരംഭം അവർക്കു നൽകി.അങ്ങനെ എല്ലാ മേഖലകളിലും ദുരന്തത്തെ നേരിടാൻ വേണ്ട എല്ലാക്കാര്യങ്ങളും ചെയ്തു.അവസാനം കേരള ജനതയിൽ ഈ ദുരന്തം വാരി വിതറിയപ്പോൾ അറിയാതെ തളർന്നു പോയ ചിലർക്ക് പുതിയൊരു കൈത്താങ്ങും മാനസികമായി അതിൽ നിന്ന് മുക്തി നേടാൻ ഒരു ബോധവൽക്കരണ ക്ലാസും

ഇത്രയും ചെയ്ത് പഴയ കേരളത്തെ തിരിച്ചെടുത്തപ്പോൾ അഭിനന്ദനങ്ങളോടെ അഭിവാദ്യങ്ങളോടെ ലോകം മുഴുവൻ നമ്മെ വരവേറ്റു മാതൃക എന്ന മൂന്ന് വാക്ക് എന്തിന് പറയണമോ അതിനർഹയാണ്

കേരളം.ഇന്ന് കേരളത്തിന്റെ ഓരോ ജനതയ്ക്കും പറയാനുണ്ടാവും ഒത്തൊരുമയുടെ കഥ, അവരുടെ അവസാനനിമിഷം,ഒടുവിൽ അതിജീവനത്തിന്റെ കഥയും..........







# ബഹിരാകാശ ഗവേഷണ ചരിത്രം




ശ്രാവണ വി
9 B

കോടിക്കണക്കിന് ഗാലക്സികൾ ചേർന്ന ഈ മഹാപ്രപഞ്ചത്തെക്കുറിച്ച് നമുക്ക് വിവരങ്ങൾ ലഭിക്കുന്നതെങ്ങനെയാണ്? വിസ്മയിപ്പിക്കുന്ന ഈ മഹാപ്രപഞ്ചത്തെ സംബന്ധിച്ച രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിൽ മനുഷ്യന്റെ നിരീക്ഷണ ഫലങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ചിന്തകൾക്കുള്ള പങ്ക് വ്യക്തമായല്ലോ. ആധുനിക ജോതിശാസ്ത്രം കോപ്പർ നിക്കസിൽ തുടങ്ങുന്നു. ടെലസ്കോപ്പുപയോഗിച്ച് ഗലീലിയോ നടത്തിയ ആകാശനിരീക്ഷമങ്ങളിലെ കണ്ടെത്തലുകൾ കോപ്പർ നിക്കസിന്റെ സൗരകേന്ദ്ര സിദ്ധാന്തത്തെ പിന്തുണച്ചു. ഹബ്ബിൾ സ്പേയ്സ് ടെലസ്കോപ്പ് പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഉള്ള നിരീക്ഷണങ്ങൾ അവിശ്വസനീയമായ വേഗതയിൽ അകന്നു പോകുന്നു എന്ന സിദ്ധാന്തത്തിന് അനുപൂരകമായി തിർന്നു ഈ നിരീക്ഷണം. അത്യധികം മാസും ഉന്നത താപനിലയും ഉണ്ടായിരുന്ന വളരെ ചെറിയ വസ്തുവിന്റെ മഹാവിസ്ഫോടനത്തിലൂടെ 1400 കോടി വർഷങ്ങൾക്ക് മുമ്പ് പ്രപഞ്ചമുണ്ടായി എന്ന് കരുതപ്പെടുന്നു.

കൃത്രിമ ഉപഗ്രഹങ്ങളുടെ വിക്ഷേപണം ആരംഭിച്ചതോടെ പ്രപഞ്ചത്തെകുറിച്ച് കുറെക്കൂടി തെളിമയാർന്ന ചിത്രം ലഭിച്ചു. 1957 ൽ സോവിയറ്റ് യൂണിയൻ സ്പട്നിക്ക് 1 വിക്ഷേപിച്ചതായിരുന്നു ഇതിന്റെ

തുടക്കം. തുടർന്ന് ലൂണ, അപ്പോളോ, മറിനർ,പയണിയർ,വോയേജർ,മേറീന,മെസഞ്ചർ, കോസ്മോസ് ,സോണ്ട്, കാസിനി,ഹൈഗൻസ്, ചന്ദ്രയാൻ തുടങ്ങി വിവിധപദ്ധതികളിലൂടെ ഗ്രഹങ്ങളെ ക്കുറിച്ചും മറ്റും ബഹിരാകാശ ഗോളങ്ങളെക്കുറിച്ചും ധാരാളം അറിവുകൾ ലഭ്യമായി. അന്തർദേശിയ ബഹിരാകാശ നിലയം, സാല്യൂട്ട് , സ്കൈലാബ് , മിർ തുടങ്ങിയ ബഹിരാകാശ പരീക്ഷണങ്ങളും അവയിലേക്ക് പറക്കാൻസഹായിക്കുന്നസ്പേസ് ഷട്ടിലുകളുംബഹിരാകാശത്ത് നിരവധിപക്ഷ

ണങ്ങൾ നടത്താൻ ശാസ്ത്രജ്ഞരെ സഹായിച്ചു.




# അതിശയിപ്പിക്കും ഹൃദയം



ആദിത്യ കെ

9 B

പ്രതിദിനം ഒരു ലക്ഷം തവണയാണ് ഹൃദയം ഇടിക്കുന്നത്.വെറുതെ ഇടിക്കുകയല്ല,ശക്തമായ സംങ്കോചവികാസങ്ങളിലൂടെ ഓരോ സെക്കന്റിലും ഏതാണ്ട് 70 മില്ലിലിറ്റർ രക്തം പമ്പു ചെയ്തുകൊണ്ടേയിരിക്കുന്നു.രക്തക്കുഴലുകൾക്കുമുണ്ട് ചില വിചിത്രവിശേഷങ്ങൾ.മഹാധമനിക്ക് നമ്മുടെ പൂന്തോട്ടത്തിലെ ഹോസ് പൈപ്പിന്റെയത്ര വ്യാസം കാണും!ചെറിയ കാപ്പിലറി ഞരമ്പുകൾക്കാവട്ടെ തലമുടിയുടെ പത്തിലൊന്നേ കനം കാണൂ.ഒരാളുടെ സിരകളുമ ധമനികളും കാപ്പിലറികളും ചേർത്തുവച്ചാൽ ഏതാണ്ട് ഒരുലക്ഷം കിലോമീറ്റർ ദൈർഘ്യം വരും ആ കുഴലിന്!മൂന്നുനാലുപേരുടെ രക്തക്കുഴൽ മതി ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്ക് രക്തം എത്തിക്കാൻ!ഒരു ദിവസംകൊണ്ട് ഒരാളുടെ രക്തം സഞ്ചരിച്ച് തീർക്കുന്നത് 19,000km ആണ്.കേരളത്തിന്റെ നീളത്തിന്റ 30 ഇരട്ടിയിലേറെ വരുമിത്.



# പൊതിച്ചോറ്







അഭിരാമി പി

10 C

വിദ്യാലയത്തിലെ മതിൽക്കെട്ടിന് മുന്നിൽ എത്തിയപ്പോഴേക്കും പ്രാർത്ഥനയ്ക്കുള്ള മണിയടിച്ച് ഇരുന്ന കിച്ചു വരാന്തയിലൂടെ ഓടി അവൻറെ ക്ലാസിനു മുമ്പിലെത്തി, അപ്പോഴേക്കും കണക്കിന് സുരേന്ദ്രൻ സാർ ക്ലാസ്സിൽ ഹാജർ ആയിക്കഴിഞ്ഞിരുന്നു. കിച്ചുവിന് സുരേന്ദ്രൻ സാറിനെ വളരെ പേടിയാണ്. എന്നും അവൻറെ ചെവി പിടിച്ചു ചിരിച്ചില്ലെങ്കിൽ അയാൾക്ക് ഉറക്കം വരില്ല. എപ്പോഴും കിച്ചുവിൻറെ സ്ഥാനം ക്ലാസിനു പുറത്തായിരുന്നു അതുകൊണ്ടുതന്നെ.

സ്കൂൾ ജീവിതം കിച്ചുവിനെ എപ്പോഴും ശാന്തമായിരുന്നു. ഉച്ചയ്ക്ക് ചോറ് കഴിക്കാനുള്ള മണിയടിക്കുമ്പോൾ കുട്ടികളെല്ലാവരും ചോറുപൊതി കഴിക്കാനും കൈ കഴുകുവാനും ഉള്ള ഓട്ടത്തിൽ ആയിരിക്കും. എന്നാൽ കിച്ചുവിന് അതിനെയൊന്നും ആവശ്യം വരാറില്ല, കാരണം അവൻറെ കയ്യിൽ ഉച്ചക്കത്തേക്കായി കരുതിവയ്ക്കാൻ ഒന്നും തന്നെ ഉണ്ടാവാറില്ല. കൂട്ടുകാരെല്ലാവരും അവരവരുടെ ചോറുപൊതി തുറന്നു സ്വാദിഷ്ഠമായ ഭക്ഷണം കഴിക്കുമ്പോൾ അതുപോലെയൊരു ചോറ് പൊതി തനിക്കും

വേണമെന്ന് കിച്ചു എപ്പോഴും ആഗ്രഹിക്കാറുണ്ട്. വിശപ്പിൻറെ കാഠിന്യത്താൽ വയർ പ്രതിഷേധം നടത്തുമ്പോൾ അതിനെ ആശ്വസിപ്പിക്കാനായി അവൻറെ ചളുങ്ങിയ പ്ലാസ്റ്റിക് കുപ്പിയിലെ വെള്ളം കുടിക്കാനാണ് പതിവ് . വീട്ടിലെത്തുമ്പോഴേക്കും കിച്ചു വിശന്ന്തളർന്നിട്ടും ഉണ്ടാകും. അഞ്ച് കിലോമീറ്ററോളം നടന്നു വേണം കിച്ചുവിന് വീട്ടിലെത്താൻ. എന്നും ബസ്സിൽ കയറി പോകാനൊന്നും അവരുടെ കയ്യിൽ പണം ഉണ്ടാവാറില്ല. കിച്ചുവിന് രണ്ടു വയസ്സുള്ളപ്പോഴാണ് അവൻറെ അച്ഛൻ വാഹനാപകടത്തിൽ മരണപ്പെട്ടത് . അതോടെ ദാരിദ്ര്യ കടലിൽ മുങ്ങുമ്പോൾ പിടിച്ചുയർത്താൻ താങ്ങായി നിൽക്കാനോ കിച്ചുവിനു അവൻറെ അമ്മയ്ക്കും തുണ ഇല്ലാതായി. സ്കൂൾവിട്ട് വീട്ടിലെത്തുമ്പോഴേക്കും അമ്മ കട്ടൻ ചായ ഉണ്ടാക്കി വയ്ക്കും. വല്ലപ്പോഴും മാത്രം ചായയുടെ കൂടെ കഴിക്കാനെന്തെങ്കിലും ഉണ്ടാവും. പിറ്റേന്ന് ഒരു ഞായറാഴ്ചയായിരുന്നു. രാവിലെ എഴുന്നേറ്റപ്പോൾ മുതൽ കിച്ചു അമ്മയോട് തനിക്ക് നാളെ സ്കൂളിൽ കൊണ്ടുപോകാൻ ഒരു പൊതിച്ചോറ് വേണമെന്ന് വാശി പിടിക്കാൻ തുടങ്ങി. ഒരമ്മയ്ക്കും മക്കളുടെ ഇത്തരം ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കാതിരിക്കാൻ കഴിയില്ല, അതുകൊണ്ട് അമ്മ കുട്ട മടഞ്ഞു ഉണ്ടാക്കി വിറ്റ് പണംകൊണ്ട് കുറച്ച് അരിയും പച്ചക്കറിയും വാങ്ങി കൊണ്ടുവന്നു. പിറ്റേദിവസം കിച്ചു വിനായി സ്വാദിഷ്ടമായി പൊതിച്ചോറ് അമ്മ തയ്യാറാക്കി വെച്ചിരുന്നു. എന്നത്തെക്കാൾ സന്തോഷവാനായിരുന്നു കിച്ചു . അന്ന് കൂട്ടുകാരോടൊപ്പം അവനും ചോറ് കഴിക്കാൻ പറ്റി. എന്നാൽ ആ സന്തോഷം ഒരു ദുരന്തത്തിനുള്ള മുന്നോടിയായിരുന്നു എന്നവന് അറിയില്ലായിരുന്നു. വൈകുന്നേരം സ്കൂൾവിട്ട് വീട്ടിലെത്തിയപ്പോൾ കിച്ചുവിൻറെ വീടിനുചുറ്റും കുറേ ആൾക്കാർ കൂടി നിൽക്കുന്നുണ്ടായിരുന്നു. കിച്ചു വേഗം വീട്ടിനുള്ളിലേക്ക് ഓടിക്കയറി, അപ്പോൾ അവൻ കണ്ടത് വെള്ളപുതപ്പിച്ച് കട്ടിലിൽ കിടത്തിയിരിക്കുന്ന അവൻറെ അമ്മയുടെ

ശരീരമാണ്, കിച്ചു ഓടിച്ചെന്ന് അമ്മയുടെ ശോഷിച്ച കൈകൾ പിടിച്ചമർത്തി, ജീവനുണ്ടായിരുന്നെങ്കിൽ അമ്മ അവൻറെ നെറ്റിയിൽ തലോടുമായിരുന്നു.മകൻറെ വിശപ്പടക്കാനുള്ള തത്രപ്പാടിനിടയിൽ അമ്മ, അമ്മയുടെ ആരോഗ്യം ശ്രദ്ധിച്ചിരുന്നില്ല. അമ്മയുടെ നെറ്റിയിൽ കിച്ചു അവസാനമായി ഒരു ഉമ്മ കൊടുത്തു അവനെ ഏകാന്തതയുടെ പുഴയിലേക്ക് തള്ളിവിട്ടുകൊണ്ട് അമ്മ ശവകുടീരത്തിലേക്ക് യാത്രയായി.. അപ്പോൾ കൈകൾക്ക് ജീവനുള്ളതുപോലെ കിച്ചുവിന് തോന്നി ഹൃദയം മുറിഞ്ഞു പോകുന്ന വേദനയോടെ അമ്മ അകന്നു പോകുന്ന കാഴ്ച അവൻ നോക്കി നിന്നു അപ്പോഴും അമ്മയുടെ കൈകൾ അവനെ തലോടുന്ന തിനായി വിതുമ്പുന്നുണ്ടായിരുന്നു....



# ജീവിതം വൈവിധ്യമാണ്





കൃഷ്ണേന്ദു എം വി
9 D

നമ്മുടെ നാട്ടിലെ എല്ലാവരും ഒരേ വസ്ത്രമാണ് ധരിക്കുന്നതെന്ന് വിചാരിക്കുക. ലോകത്തിലെ എല്ലായിടത്തും ഉള്ളവർ ഒരേ ഭക്ഷണമാണ് കഴിക്കുന്നതെന്ന് വിചാരിക്കുക. ലോകത്താകെ മൃഗമായി ആന മാത്രമേ ഉള്ളുവെങ്കിലോ.......എല്ലാ പക്ഷികൾക്കും ഒരേ തൂവലായാലോ....... എല്ലാ പക്ഷികളും ഒരു പോലെ ആയാലോ? മരമായാലും സസ്യമായാലും തെങ്ങ് മാത്രമായാലും..............പിന്നെ കവിതകളിൽ തെങ്ങ് മാത്രമേ പരാമർഷിക്കപ്പെട്ടു....

വൈവിധ്യമാണ് ജീവിതം. ജീവിതത്തിന്റെ ആധാരവും സൗഭാഗ്യവുമാണ് വൈവിധ്യം. അതില്ലെങ്കിൽ ലോകമില്ല. ഈ വൈവിധ്യത്തിന് നാശം വന്നാൽ അതു നമ്മുടെ ദൗർഭാഗ്യമായിരിക്കും. ജീവജാതിയുടെ നാശത്തിലേക്കാണത് നയിക്കുക.

ഇന്ന് ഭൂമുഖത്ത് ജീവിച്ചിരുന്ന എല്ലാം ജീവജാലങ്ങളുടെയും ആകെ തുകയാണ് ജൈവവൈവിധ്യം. ഇതിൽ സൂക്ഷ്മജീവികൾ മുതൽ നീലത്തിമിംഗലം വരെ ഉൾപ്പെട്ടിട്ടുണ്ട്. സൂക്ഷ്മസസ്യങ്ങൾ മുതൽ വൻമരങ്ങൾ വരെയും നമ്മുക്ക് പരിചയമുള്ളതും ഇല്ലാത്തതുമായ എല്ലാജന്തുസസ്യജാലങ്ങളും ഉൾപ്പെടും. ഈ ജൈവവൈവിധ്യത്തിന്റെ സമഗ്രതയാണ് ജൈവവൈവിധ്യം.

ഒരു പ്രദേശത്തെ ചുറ്റുപാടുകൾക്കനുസരിച്ച് ആ ചുറ്റുപാടുമായി പൊരുത്തപ്പെട്ട് ധാരാളം സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മജീവികളും ഒക്കെ


ജീവിക്കുന്നു. ഇത്തരം ജീവജാലങ്ങളും അവയുടെ ചുറ്റുപാടും എല്ലാം അടങ്ങുന്നതാണ് ഒരു ആവാസവ്യവസ്ഥ.

ഒരോരോ ആവാസവ്യവസ്ഥയിലും പലതരം ജീവസമൂഹങ്ങൾ പൊരുത്തപ്പെട്ട് ജീവിക്കുന്നു. ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചും ആഹാരമാക്കിയുമാണ് ഒരോ ആവാസവ്യവസ്ഥയിലെയും ജീവിതം.

നാം ജീവിക്കാനും ജീവിക്കാനുള്ള സാഹചര്യങ്ങൾ നിലനിർത്താനും ആശ്രയിക്കുന്നത് ഇത്തരം ജൈവവൈവിധ്യ വ്യവസ്ഥകളാണ്. ഇത് മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ മാത്രം ഒതുങ്ങുന്നതല്ല. വൈവിധ്യമാർന്നജീവജാതികളെ ആശ്രയിച്ചുകൊണ്ടുമാത്രമേ മനുഷ്യന് ജീവിതം ഉള്ളൂ.

പ്രകൃതിയിലെ സകല ജീവജാലങ്ങളും തമ്മിൽ ഉള്ള എല്ലാ ബന്ധങ്ങളും വേർതിരിച്ചറിയാൻ മനുഷ്യർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇനികഴിയുകയുമില്ല.

ജൈവവൈവിധ്യത്തിന് നാശം സംഭവിക്കുമ്പോൾ അതു മനുഷ്യരെ മാത്രമല്ല മറ്റ് ജീവജാലങ്ങളേയും എങ്ങനെ ബാധിക്കുമെന്ന് തിരിച്ചറിയണം. കടലിലും കാട്ടിലും മാനത്തും മണ്ണിനുള്ളിലുമൊക്കെ നമുക്ക് ഇനിയും തിരിച്ചറിയാൻ കഴിയാത്ത ജീവജാലങ്ങൾ ഉണ്ടാവാം.



നാമറിയുന്നതും അറിയാത്തതുമായ ജീവജാലങ്ങൾക്ക് പ്രകൃതിയിൽ അതിന്റേതായ സ്ഥാനമുണ്ട്. ഓരോന്നിനും സ്വന്തമായ ധർമ്മങ്ങളുണ്ട്. എല്ലാ ധർമ്മങ്ങളും കൂടിച്ചേരുമ്പോഴാണ് ഓരോന്നിനും നിലനിൽക്കാനാവുക. ഒരു കുടുംബത്തിലെ ഒത്തൊരുമയുള്ള അംഗങ്ങളായി തന്നെ പ്രകൃതിയിലെയും ഒത്തൊരുമയുള്ള അംഗങ്ങളായി പ്രകൃതിയിലെ ജൈവവൈവിധ്യത്തെ കാണാൻ കഴിയണം.

മനുഷ്യർ പ്രകൃതിയുമായി ഇടപെട്ട് പ്രകൃതിയിൽ മാറ്റങ്ങളുണ്ടാക്കിത്തന്നെയാണ് വളർന്നതും വികസിച്ചതും. പ്രകൃതിയിലിടപെട്ട് പ്രവർത്തിക്കുമ്പോഴും സർവ്വചരങ്ങളെയും മാനിക്കുന്ന ഒരു മനോഭാവം പണ്ടത്തെ മനുഷ്യർ നിലനിർത്തിപ്പോന്നിരുന്നു.



# ആരോഗ്യമുള്ള നല്ലൊരു നാളെക്കായി.....





റമീസ്
HSA Phy Edu.

നല്ല കായികക്ഷമത എന്നത് എല്ലാവരുടെയും സ്വപ്നമാണ്, പക്ഷെ കായികക്ഷമത എന്നത് കായിക താരങ്ങളുടെ മാത്രംഅവകാശമാണെന്ന തെറ്റധാരണ ഉണ്ടെങ്കിൽ ഇന്നു തന്നെ തിരുത്തുക. പകരം കായികക്ഷമത എന്നത് എല്ലാവരുടെയും അവകാശമാണെന്ന് തിരിച്ചറിയുക. അത് വ്യക്തികൾ തോറും വ്യത്യസ്തമാണ്. പ്രായം, ലിംഗം, ഭക്ഷണക്രമം തുടങ്ങിയ ഒരോന്നും ഒരു വ്യക്തിയുടെ കായികക്ഷമതയെ സ്വാധീനിക്കുന്നു. നിത്യജീവിതത്തിലെ ചെറുതും വലുതുമായ ശാരീരികാധ്വാങ്ങൾ ക്ഷീണം കൂടാതെ ചെയ്യാനുള്ള കഴിവിനെയാണ് ശാരീരികക്ഷമത എന്ന് പറയുന്നത്. ഇത് പണം കൊടുത്താൽ വാങ്ങാൻ സാധിക്കില്ല. മകൻ ചെയ്താൽ പിതാവിനെ കിട്ടില്ല പിതാവ് ചെയ്താൽ മകന് കിട്ടില്ല.ഒരോരുത്തർക്കും അവനവൻ ചെയ്യണം. ചെയ്താൽ ഫലം കിട്ടും. വ്യായമത്തിലൂടെയും, ആഹാരക്രമത്തിലൂടെയും എല്ലാവർക്കും അവരവരുടേതായ കായികക്ഷമത നേടിയെടുക്കാം. സമൂഹത്തിൽ നല്ലൊരു ശതമാനം ആളുകളുടെയും ശാരീരികക്ഷമത ദിനം പ്രതി കുറഞ്ഞുകൊണ്ടേയിരിക്കുന്നു. കാരണം അലസത, ശാരീരികക്ഷമതയുടെ പ്രാധാന്യത്തെക്കുറിച്ച് അറിവില്ലായ്മ,യന്ത്രങ്ങളുടെ അമിത ഉപയോഗം, അശാസ്ത്രിയമായ ഭക്ഷണരീതികൾ,വ്യായമക്കുറവ് ഇങ്ങനെ തുടരും. ഇതിന്റെ ഫലമായി നാം

ധാരാളം പണം ആരോഗ്യമേഖലയിൽ വ്യക്തികളും സർക്കാരും ചിലവഴിച്ചുകൊണ്ടിരിക്കുന്നു. ജീവിതശൈലിരോഗങ്ങൾ കുട്ടികൾ മുതൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു.

ഈ അവസരത്തിൽ പണ്ടുകാലവുമായി ഒരു താരതമ്യം ആവശ്യമാണ്. അവർക്ക് ഒരു നിർബന്ധിത കായികക്ഷമതപരിപാടിയുടെ ആവശ്യമില്ലായിരുന്നു. കാരണം അത് അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവർ സ്വഭാവികമായും കൃഷിയിലും ,വ്യായാമത്തിലും മറ്റും കായികാഭ്യാസങ്ങളിലും ഏർപ്പെട്ടിരുന്നു.മാത്രമല്ല ഭക്ഷണം പരിമിതമായും ശുദ്ധവുമായിരുന്നു. സ്ത്രീകളാകട്ടെ ആയാസമുള്ള പല ജോലികളിലും ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്ന് എല്ലാവരിലും വാഹനമായി,അതുമല്ലെങ്കിൽ എല്ലാ ഊടുവഴികളിലും പൊതുഗതാഗതമായി. കളിക്കാൻ കളിക്കളങ്ങളില്ല, സമയമില്ല , കുട്ടികളുടെ പരീക്ഷയിൽ മാർക്ക് കുറയും എന്ന കാരണത്താൽ കളിക്കാൻ വിടാൻ മാതാപിതാക്കളുടെ ഭയം. സ്ത്രീകളാവട്ടെ പൂർണമായും യന്ത്രങ്ങളെ വീട്ടാവിശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ച് തുടങ്ങി. മുൻകാലങ്ങളിൽ അങ്ങാടികളിലേക്കും,സ്കൂളിലേക്കും നടന്നു പോയ കുട്ടികളും മുതിർന്നവരും ഇന്ന് പൂർണമായും അല്ലെങ്കിൽ തൊണ്ണൂറു ശതമാനവും വാഹന ഉപഭോക്താക്കളായി. ചുരുക്കം പറഞ്ഞാൽ ഒരു ദിവിസം തുള്ളി വിയർപ്പ് പൊടിയാത്ത അവസ്ഥയിലേക്ക് സമൂഹം മാറി. ഇതിന്റെ ഫലമോ ഡയഗണോസ്റ്റിക് സെൻററുകളിൽ തിരക്കായികുട്ടികൾ,യുവാക്കൾ, പ്രായമായവർ, രാവിലെ ആറുമണി മുതൽ ശരീരത്തിലെ ഗ്ളൂക്കോസും,കൊളസ്ട്രോളും പ്രഷറും ഉയർന്ന് താങ്ങാവുന്നതിനുമപ്പുറമായി ഭക്ഷണത്തിനുമുമ്പും ശേഷവും ചെക്കിംഗ്. മുമ്പാകെ പ്രായമായവരിൽ കണ്ട ജീവിതശൈലി രോഗങ്ങൾ ഇന്ന് നാട്ടിൽ ട്രൻഡ്.ഈ അസുഖങ്ങൾക്കുള്ള പരിഹാരമായി ഡോക്ടർ നിർദേശിക്കുന്നതൊ വ്യായാമങ്ങളിൽ ഏർപ്പെടുക തന്നെ ഒരു രൂപപോലും ചിലവിടാതെ നിങ്ങൾക്കേവർക്കുമേർപ്പെടാം.വ്യായാമങ്ങളിൽ ജീവിതശൈലി രോഗങ്ങൾ ഒരു പരിധിവരെ ആശ്വാസം മരുന്നിനേക്കാൾ വ്യായാമമത്രേ...അതുകൊണ്ട് ചിന്തിക്കു എന്തിന് ഡോക്ടറുടെ കൽപ്പനക്കായി കാത്തിരിക്കണം .രോഗം വന്നിട്ട് ചികിൽസിക്കുന്നതിനേക്കാൾ നല്ലത് വരാതെ സൂക്ഷിക്കുന്നതാണ്.



അതുകൊണ്ട് ഇന്നു തന്നെ തുടങ്ങിക്കോ നിങ്ങൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം. നടത്തം, ജോഗിംങ്, സൈക്കിളിങ്, ജിംനേഷ്യം, എയറോബിക്സ്, യോഗ........ഇങ്ങനെ തുടരും.ഇതിൽ നിന്നും നിങ്ങൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞടുക്കുക. വിധഗ്ധന്റെ സഹായം കിട്ടുമെങ്കിൽ നല്ലത്. എന്തെങ്കിൽ രോഗത്തിന് അടിമകളാണെങ്കിൽ തീർച്ചയായും ഡോക്ടറുടെ നിർദേശം സ്വീകരിച്ചേ മതിയാവൂ. തുടക്കത്തിലെ ആവേശം പോരാ. നിർത്താൻ വേണ്ടിയാണെങ്കിൽ തുടങ്ങരുത്.തുടരുക ഭക്ഷണത്തേയും പോലെ മരണം വരെ മാറ്റം കണ്ട് തുടങ്ങും........

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാവൂ. ആരോഗ്യമുള്ള മനസ്സിലേ ആരോഗ്യമുള്ള ശരീരംകാണൂ. ലോകമാകെ വിവിധ കായിക മേളകളിലൂടെ നൽകുന്ന മഹത്തായ സന്ദേശമാണ് ആനന്ദത്തിലൂടെ ആരോഗ്യം . അതോടൊപ്പം സ്നേഹം,സംസ്കാരം,ഭാഷക്കൂട്ടായ്മ തുടങ്ങിയവ നിരവധി മൂല്യങ്ങൾ വ്യത്യസ്ത കായിക മത്സരങ്ങളിലൂടെ കൈമാറാനുള്ള ഒരു വേദി കൂടിയാണ് കായികമേഖല.എന്നാൽ ഇന്ന് പലരും കായികവിദ്യാഭ്യാസങ്ങളിൽ ഏർപ്പെട്ടുനിനതിനേക്കാൾ ആവേശം കളി കാണാനും അവർക്ക് വേണ്ടി ജയ് വിളിക്കാനും തിടുക്കമാണ്. ഇത്ഒരു വിനോദമായി കാണാമെങ്കിലും അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്നില്ലാ എന്നത് തന്നെയാണ് നമ്മുടെ പരാജയ കാരണം. അഥവാ കായിക അഭ്യാസത്തിനായി തയ്യാറായാൽ മിക്കവരും കളിക്കളത്തിന്റെ ഏറ്റവും ഒടുവിലത്തെ പരിധിവരെ വാഹനമോടിച്ച് പോകുന്നതാണ് പുതിയ രീതി. ഇത്രമാത്രം ജനങ്ങൾ അലസ്സരായിരിക്കുന്നു. അതുമാറ്റി പറ്റുമെങ്കിൽ ദിവസവും കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും വ്യായാമത്തിനായി മാറ്റിവെച്ചാൽ അത് നമ്മുടെ ജീവിതത്തിന്റെ വലിയ ഒരു സമ്പത്ത് തന്നെയാകും തീർച്ച. കാരണം വ്യായാമത്തിന്റെ നേട്ടങ്ങളെക്കുറിച്ച് അറിഞ്ഞാൽ അത് തിരിച്ചറിയാം.ബാഹ്യമായ ശരീരത്തിന് ലഭിക്കുന്ന നേട്ടങ്ങൾ വിവരിക്കാം, ആകർഷകമായ ശരീരഘടന എന്നത് എല്ലാവരുടെയും സ്വപ്നമാണ്. അത് സ്വന്തം ആത്മവിശ്വാസ വർധനയ്ക്കും

മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ച് പറ്റാനുള്ള ആദ്യ പടിയാണ്. കൂടാതെ മികച്ച ഫ്ലക്സ്ബിലിറ്റി ശരീരത്തെ പരിക്കുകളിൽ നിന്നും സംരക്ഷിക്കും. അത് കൂടാതെ സർവോപരി ഉത്സാഹവും പ്രസന്നതയും ജീവിതത്തിന്റെ നിങ്ങൾക്ക് വളരെ എളുപ്പം നേടിയെടുക്കാം.ശേഷം ഞാൻ ആന്തരികമായ വ്യായാമത്തിന്റെ ചില നേട്ടങ്ങൾ വിവരിക്കാം. നാം കഴിക്കുന്ന ആഹാര പദാർഥങ്ങൾ നമ്മുടെ ശരീരത്തിൽ സംഭരിച്ച് വെയ്ക്കുന്നത് പ്രധാനമായും മൂന്ന് രൂപത്തിലാണ്. കാർബോ ഹൈഡ്രേറ്റ്,ഫാറ്റ്,പ്രോട്ടീൻ എന്നിങ്ങനെയാണ്,വ്യായാമത്തിന്റെ ആദ്യത്തെ അര മണിക്കൂറോളം നമുക്ക് ഊർജം നൽകുന്ന സ്രോതസ്സ് കാർബോ ഹൈഡ്രേറ്റാണ്. അതിനു ശേഷം ശരീരത്തിൽ ഫാറ്റിൽ നിന്നും ഊർജം സ്വീകരിക്കും. അത് നമ്മുടെ ശരീരത്തിലെ കൊഴുപ്പിന്റെ അളവിനെ കൂടാതെ നിയന്ത്രിക്കും. സമൂഹത്തിലെ അമിതവണ്ണത്തിന് കാരണം balance intake and put theory യുടെ അറിവില്ലായ്മയാണ്. അതായത് 50% ഭക്ഷണം കഴിച്ചാൽ 50% വ്യായമം ചെയ്യണം.എന്നാൽ പലരും അൻപതോ, അറുപതോ intake എടുക്കുകയും output പത്തോ ഇരുപതോ ശതമാനത്തിൽ ഒതുങ്ങിപോകുന്ന അവസ്ഥയാണ്. ഇത് കൊഴുപ്പ് ശരീരത്തിൽ നിക്ഷേപിക്കാനും അത് അമിത വണ്ണത്തിന് കാരണമാവുകയും ചെയ്യും. അതുകൊണ്ട് തുടർച്ചയായ അരമണിക്കൂർ വ്യായാമത്തിനു ശേഷമേ കൊഴുപ്പ് ഊർജമായി മാറൂ.ഇതിലൂടെ ശരീരവണ്ണത്തെ നിയന്ത്രിച്ച് നിർത്താ/png നാവൂ. വ്യായമത്തിന്റെ അടുത്ത നേട്ടം ശരീരത്തിലെ ബ്ലെഡ് സെർക്കുലേഷന്റെ വേഗത കൂട്ടുന്നതാണ്. ഇത് കൂടുതൽ ശരീരഭാഗങ്ങളിലേക്ക് വിറ്റാമിനുകൾ മിനറലുകളും എത്തിചേരാൻ സഹായിക്കുന്നതിനോടൊപ്പം ശരീരത്തിലെ മാലിന്യങ്ങളെ വിയർപ്പിലൂടെ, മൂത്രത്തിലൂടെ, നിശ്വാസത്തിലൂടെയും പുറംതള്ളാൻ സഹായിക്കുകയും അത് നമ്മുടെ ശരീരത്തിലെ വിവിധ ആന്തരിക അവയവങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുകയും ഇത് ശരീരത്തിന്റെ ആകെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാനും സഹായിക്കുന്നു. ഉദാഹരണമായി സർക്കുമെറ്ററി സിസ്റ്റത്തിന്റെ പ്രധാന അവയവമാണ് ഹൃദയം. ഈ ഹൃദയം തന്നെയാണ് ഈ സിസ്റ്റത്തിന്റെ നിയന്ത്രിക്കുന്നത്. ഇതിന്റെ സുഖമമായ പ്രവർത്തനത്തിന് കാര്യക്ഷമമായ

രക്തത്തിന്റെ മദ്യത ഉറപ്പാക്കണം.അല്ലാത്തപക്ഷം മരണം വരെ സംഭവിക്കാം. വ്യായാമത്തിലൂടെ നാടികളിലൂടെ തടസ്സങ്ങളും മാലിന്യങ്ങളും നീക്കാനും ഹൃദയത്തിന്റെ ആരോഗ്യം നിലനിർത്താനും സഹായിക്കുന്നു. ഇങ്ങനെ ഓരോ അവയവങ്ങളുടെയും കാര്യക്ഷമമായ പ്രവർത്ത്നത്തിന്റെ ആകെ തുകയാണ് ആരോഗ്യമുള്ളശരീരം.

മുകളിൽ പറഞ്ഞ വ്യായാമത്തിന്റെ ഏതാനും നേട്ടങ്ങൾ ഉൾക്കൊണ്ട് ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുക. മറ്റു ജീവികളിൽ നിന്നും വിഭിന്നമായി ഒരുപാട് കഴിവുകളുള്ള ഈ ശരീരം സംരക്ഷിക്കുക എന്ന പൂർണ ഉത്തരവാദിത്വം നമ്മുടേതാണ്. അതിൽ ഒരിക്കലും വീഴ്ച വരുത്തരുത്. വ്യായാമം ജീവിതത്തിന്റെ ഭാഗമാക്കുക. ഉറക്കത്തെയും ഭക്ഷണത്തെയും പോലെ.





# നാഗരികതയുടെ മഴ







ആദിത്യ കെ
9 E

അമ്മേ എന്താണാ വരുന്ന വെള്ളം? അപ്പു ചോദിച്ചു. ഓ അത് റെയിനാണ്. അവന്റെ അമ്മ മറുപടി കൊടുത്തു. ഇത് കേട്ടുകൊണ്ടിരുന്ന മുത്തശ്ശി പുറത്തേക്കിറങ്ങി. അവർ അവനെ അവരുടെ അടുത്തേക്ക് ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു.അത് മോനെ മഴപെയ്യുകയാണ്. എന്നിട്ടമ്മ പറഞ്ഞല്ലോ റെയിനാണെന്ന്. അത് മഴയെ ഇപ്പോഴത്തെ പരിഷ്കാരികൾ വിളിക്കുന്ന പേരല്ലേ. ഓ.... അപ്പൊ ഇതാണല്ലേ മഴ . മുത്തശ്ശീ..., മഴ പെയ്ത് ഇങ്ങനെ ധാരാളം വെള്ളമുണ്ടാവുമ്പോൾ നമ്മളെല്ലാം മുങ്ങിപ്പോവില്ലേ....? അവന്റെ അമ്മ ഇതുകേട്ട് കൊണ്ട് തിണ്ണയിലേക്ക പ്രത്യക്ഷപ്പെട്ടു. അവൾ പറഞ്ഞു. നമ്മളൊന്നും മുങ്ങിപ്പോവില്ല. ആ വെള്ളത്തിന്റെ കുറേ ഭാഗം ഒലിച്ചുപോവും. പിന്നെ കുറേ ഭാഗം ഭൂമിക്കടിയിലേക്ക് താണുപോവും. അങ്ങനെയൊക്കെയാണ് ശാസ്ത്രീയവശം. ഉം....ശാസ്ത്രീയവശം.

അതൊക്കെ കുട്ടിക്ക് മനസ്സിലാവ്വോ?മുത്തശ്ശി ചോദ്യം ഉന്നയിച്ചു. പിന്നെ മനസ്സിലാവാണ്ട് ! അമ്മ മറുപടി പറഞ്ഞു. എന്നിട്ടാണോ കുട്ടി കണ്ണും മിഴിച്ച് ഇരിക്കണത് ?മുത്തശ്ശി പറഞ്ഞുതരാം. മോന് അവര് പറയാന് തുടങ്ങിയപ്പോഴേക്കും അപ്പുവിന്റെ അമ് വാളിളക്കി. വേണ്ട,വേണ്ട.

പഴംപുരാണം കേട്ട്  എന്റെ കുട്ടിയെ വഷളാക്കണ്ട. ഇത്രയും പറഞ്ഞ് അവര് അകത്തേക്ക് പോയി. മഴയുടെ ശക്തി കൂടിവന്നപ്പോഴേക്കും മുത്തശ്ശി അവന് കളിവള്ളങ്ങള് ഉണ്ടാക്കിക്കൊടുത്തു. അവരത് വെള്ളത്തിലൊഴുക്കാന് ഭാവിച്ചപ്പോഴേക്കും അവന്റെ അ്മ കലിതുള്ളി പുറത്തേക്കുവന്നു. എന്തായിത് ? അവരലറി...... അവര് പറഞ്ഞു .ഞാന് വള്ളം ഒഴുക്കുകയായിരുന്നു. നിന്റെയൊരു വള്ളം. എടാ നിനക്ക് പനിയും മറ്റും വരും .മുത്തശ്ശി ചോദിച്ചു. അപ്പാരും മഴ കൊള്ളണ്ടല്ലേ. അവര് വളര്ന്ന് പിന്നെ നിങ്ങള്ക്ക് കഴിയിയുമായിരിക്കും. പക്ഷേ എന്റെ കൊച്ചിനെ കൂടെ നിങ്ങള് രോഗം വരുത്തിക്കല്ലേ. അവര് പറഞ്ഞു . പിന്നെ അപ്പുവിനെ പിടിച്ചുവലിച്ചുകൊണ്ട് അകത്തേക്ക് കൊണ്ടുപോയി,തലതുടച്ചുകൊടുത്തു.കുറച്ചുകഴിഞ്ഞപ്പോല് അവന് മുത്തശ്ശിയുടെ അടുക്കല് വന്നുകൊണ്ട് ചോദിച്ചു. മുത്തശ്ശി ഈ മഴയുടെ പേരെന്താ? അവര് അല്പം ആലോചിച്ചുകൊണ്ട് പരിഹാസത്തോടെ പറഞ്ഞു. ഇതാണ് നാഗരികതയുടെ മഴ.



# സുഖമുള്ള നൊമ്പരം







ശാലിനി കെ വി
HSA Eng

ചൂട് കൊണ്ട് പുകഞ്ഞ് കത്തുന്ന മാർച്ച് മാസത്തിലെ ഒരുച്ച നേരം.പത്താം ക്ലാസ് പരീക്ഷയുടെ ഇൻവിജിലേറ്റേർസിൽ ഒരാളായി എട്ടാം നമ്പർ മുറിയിലെ ജനാലക്കരികിലെ കട്ടിക്കൂടിയ പ്ലാസ്റ്റിക്ക് കസേരയിൽ ഞാനിരുന്നു...ലിസ്റ്റിലെ ഇരുപതിൽ പതിനേഴുപേർ ചൂടുപിടിച്ച തലയുമായി എനിക്കു മുമ്പിൽ .മൂന്നുപേർ ഐ.ഇ.ഡി.ഔദാര്യത്തിൽ റൂം നമ്പർ പതിനഞ്ചിലേക്ക് സ്ക്രൈബ്ബിനൊപ്പം ഇരിക്കാൻ തുടങ്ങിയിട്ട് ഇന്നേക്ക് ഒൻപതു ദിവസമാകുന്നു.ഒന്നൊന്നര മണിക്കൂർ കഴിഞ്ഞതും പലരും തല ചെരിച്ചും കുനിച്ചും ചോദ്യ നമ്പർ കൈമാറാൻ തുടങ്ങി. 764-ാം നമ്പറുകാരൻ നിധിൻ അടുത്തിരുന്ന നോബിളിന്റെ ഉത്തരപേപ്പറിലേക്ക് നോക്കിയിരിക്കുന്നത് കണ്ട് ഈ പരീക്ഷ കുറച്ചുകാലം നീണ്ടുപോയിരുന്നുവെങ്കിൽ അവന് കഥകളി സാധകത്തിന്റെ റിസൾട്ട് കിട്ടുമായിരുന്നുവെന്ന് എനിക്ക് തോന്നി .ബെഞ്ചിന്റെ രണ്ടറ്റത്തേക്കും പരമാവധി മാറ്റിയിരുത്തി നോബിളിന്റെ ഉത്തര പേപ്പറിന്റെ മുകളിൽ ചോദ്യപേപ്പർ കൊണ്ട് മൂടി നിധിന്റെ പ്രതീക്ഷകളെ ഞാൻ തല്ലി കെടുത്തി . ക്രമ നമ്പർ പോലും തെറ്റാതെ കണക്കിലെ ചോദ്യപേപ്പർ സുജിത് സാറിന്റേയും വാസു മാഷിന്റേയും കുട്ടികളുടെ മുന്നിലെത്തിയപ്പോൾ അവർ അനുഭവിച്ച സന്തോഷവും നിധിന്റെ തകർന്നടിച്ച സ്വപ്നങ്ങളും .....ത്രാസിലാടി കളിച്ചപ്പോൾ അസ്വസ്ഥമായ മനസ്സിനെ ശാന്തമാക്കാൻ

ത്രാസിന്റെ മിഡിൽ പോയിന്റ് ഞാൻ കുത്തിയൊടിച്ചു.സജി സാർ റിലീഫ് ചെയ്യാൻ എത്തിയപ്പോൾ മുന്നിലെ ഏഴുപേരും നടന്ന വഴികളിലൂടെ ഞാനും സ്റ്റാഫ് റൂമിലേക്ക് ചെന്നു.വൃത്തിയില്ലാത്ത ശുചിമുറിയിൽ കയറി. ഞാനും ഇറങ്ങി....തണുപ്പില്ലാത്ത വെള്ളം കൊണ്ട് മുഖം കഴുകി കണ്ണാടിയിലേക്ക് നോക്കിയപ്പോൾ ക്ലിയറില്ലാത്ത കണ്ണാടിയിൽ ഏഴാം നമ്പർ റൂമിലെ സിസ്റ്ററെ പോലെ തോന്നിച്ചു. നാല്,അഞ്ച്,ആറ് റൂമുകളിലെ ജിഷ,ധന്യ,ഷജോദ് ഇവരൊക്കെ എന്റെ മുഖമായി കണ്ണാടിയിൽ തെളിഞ്ഞപ്പോൾ നോട്ടം പിൻവലിച്ച് ഞാനെന്റെ റൂം എട്ടിലേക്ക് മടങ്ങി.വഴിയിൽ ആറാം നമ്പർ റൂമിലെ അശ്വന്ത് എന്നെ നോക്കി സ്നേഹപൂർവ്വം ചിരിച്ചു...പരീക്ഷാ ഹോളിൽ ഇതുവരെ ആരേയും സ്നേഹിക്കാത്തതുകൊണ്ട് ഗൗരവം നടിച്ച് ഞാനെന്റെ റൂമിലെത്തി. ഇതുവരെ കുനിഞ്ഞിരുന്ന് എഴുതുകയായിരുന്ന ശരത് (വലിയ ശരീരവും പോളകണ്ണും കൈയ്യിലെ ചെഗ്വേരയുടെ ചരടും അവനൊരു വെല്ലുവിളിയായി തോന്നി.)പിന്നിലെ ഷാരോണിനെ നോക്കിയതും ഞാനൊന്ന് പേടിച്ചു.ഇവന്റെടെ ഇറങ്ങിയാൽ കണ്ണുകൾ കൊണ്ടുള്ള എന്റെ ഫീൽഡിംഗിന് അടക്കവും ഒതുക്കവും ഇല്ലാതാവുമോ എന്ന് ..ഭാഗ്യത്തിന് അവനൊരു പൂച്ച കുട്ടിയായി അനങ്ങാതെ അവന്റെ ലോകത്തേക്ക് മടങ്ങി.ഉയർത്തി പിടിച്ച് വായിച്ച ചോദ്യ പേപ്പറിനടിയിൽ ഷെയിഡടിച്ചപ്പോൾ സൗരവ്.എം.എസ്സിന് നഷ്ടമായത് പൈസ കൊടുത്ത് സ്കൂൾ സ്റ്റോറിൽ നിന്ന് വാങ്ങിയ ഇന്ത്യയുടെ ഭൂപടത്തിന്റെ പേജ്. എല്ലാവരെയും നിശ്ശബ്ദരാക്കി മൂന്നു മണിക്കൂർ ഞാൻ പൂർത്തിയാക്കി. ഓരോ പേപ്പറിന്റെയും അവസാന വരിക്കു താഴെ മോണോഗ്രാം വരച്ച് പേപ്പറുകൾ കൈമാറി തിരിച്ചിറങ്ങി.കാറിന്റെ വിന്റോ ഗ്ലാസിൽ നോക്കിയ ഞാൻ കണ്ടത് പെട്ടെന്ന് വിളിച്ചു ചേർത്ത സ്കൂൾ അസംബ്ലിയിലെ ഒരു വരിയിൽ നടുവിലായി വൈകുന്നേരത്തെ വെയിൽ തട്ടി തിളങ്ങുന്ന മുഖത്ത് ദൈന്യ ഭാവത്തോടെയുള്ള കണ്ണുകളുമായി സൗരവ് എം.എസിനെ ആയിരുന്നു.വണ്ടി നീങ്ങിയിട്ടും ആ നോട്ടം എന്നെ പിൻതുടരുന്നത് കണ്ണാടിയിലൂടെ ഞാനറിഞ്ഞു......



# ശൂലാപ്പ് കാവ് യാത്ര





ഗിരീഷ് പെരിങ്ങത്തൂർ

കഥ വന്ന വഴി തേടി ഒരു യാത്ര......


പുഴയൊഴുകും വഴിയിലൂടെ എതിരെ നടന്നപ്പോൾ എത്തിയത് ശൂലാപ്പ് കാവിന്റെ നെറുകയിൽ .....തെളിഞ്ഞതല്ലെങ്കിലും അവശേഷിച്ച ജലാശയങ്ങളിൽ പൂവാലിയേയും അഴകനേയും കണ്ടപ്പോൾ കൗതുകവും ആഹ്ലാദവും .....

എട്ടാം ക്ലാസിലെ രണ്ടു മത്സ്യങ്ങൾ എന്ന പാഠ ഭാഗത്തിന്റെ ഭാഗമായാണ് അറുപതോളം കുട്ടികളും അധ്യാപകരും ശൂലാപ്പ കാവിലെത്തിയത്. കവ്വായി കായലിലെ നെടുംചൂര മത്സ്യങ്ങൾ പ്രചനനത്തിനു വേണ്ടി ശൂലാപ്പ കാവിലെ നീർ തടത്തിലെത്തുകയും മഴക്കാലത്തിന്റെ അന്ത്യത്തോടെ മുട്ടയിടുകയും ചെയ്യും. പരിഷ്കൃത മനുഷ്യൻ കായലുകളും കാവുകളും കയ്യേറുമ്പോൾ നെടുംചൂര മത്സ്യത്തിന്റെ വംശം നശിച്ചുകൊണ്ടിരിക്കുന്നു എന്ന പാരിസ്ഥിതിക പ്രശ്നം പങ്കു വെക്കുന്നതാണ് ഈകഥയുടെപ്രമേയം.

കഥയുടെ അക്ഷര വഴികളിലൂടെ നടന്നെത്തിയത് കഥാകാരന്റെ അടുത്തേക്ക്.കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ അംബികാസുധൻ മാങ്ങാട്ടുമൊത്തുള്ള കഥയറിവ് സായാഹ്നത്തിൽ കുട്ടികാർ സാക്രിയമായി പങ്കെടുത്തു .അഴകന്റേയും പൂവാലിയുടേയും സങ്കടങ്ങൾ പുതിയകാലത്തിന്റെ ആവാസ വ്യവസ്ഥകളുടെ സങ്കടങ്ങൾ


കൂടിയാണെന്ന തിരിച്ചറിവിലേക്ക് ശൂലാപ്പ് യാത്രസാർഥകമായി.

ഹെഡ്മിസ്ട്രസ് കെ.ആർ .വിനോദിനി, ശശിധരൻ.സി. കെ, അനിൽകുമാർ.ജി,ചിത്രലേഖ,ഗിരീഷി പെരിങ്ങത്തൂർ, സജി, അബ്ദുൾ സമീർ .കെ.ടി എന്നിവരും യാത്രയിൽ പങ്കുചേർന്നു.ജി.എച്ച്.എസ്.എസ് പാല എസ്.ആർ.ജി കൗൺസിലിന്റെ നേതൃത്വത്തിലായിരുന്നു പഠനയാത്ര സംഘടിപ്പിച്ചത്.



# What is Life





**Betcy C**
9 E

Life is a mirror, Smile it
Life is a gift, Accept it
Life is a, bell Ring it
Life is a song, Sing it
Life is a  game, Play it
Life is a struggle, Face it
Life is an adventure, Dare it
Life is an opportunity, Take it
Life is a goal, Achieve it
Life is a mission, Fulfil it



# Kerala After Flood





അഞ്ജലി എസ് നമ്പ്യാർ

10 E

Our state Kerala ,which is known as God's own country ,has once more spread its name and fame all over the world ,not in the name of any achievements but because of a natural disaster .The flood which came to threaten the Keralites, which took away everything precious to us, which came to make Kerala cry and beg .

But once again ,we the fearless malayalees , faced the flood with courage and determination. When the flood begun ,media all over the world discussed about us .Not that how many were dead but how many were saved .That is our spirit .The most literate state proved the whole nation that , they not only have brain ,but heart also .

It is not the first time that a state is affected with a disaster...But it is the first time that a state is receiving such a huge helps even from far away countries .Every where in the world there is a malayalee touch that makes him familiar to any country .

Every disaster teaches a lesson ,leaves a messages us to remember . This time it was the message of unity ,compassion ,love

and sympathy towards our brothers and sisters .And we have fully understood the lesson in every distance when all people ran for their lives, Kerala ran taking other's lives in their hands. And that's make the whole world salute us.

There are many unknown persons ,who sacrificed their lives in saving others. Now when Kerala is overcoming from this disaster the first thing to do is honour those great lives.

When the flood went away the whole thing left was a broken Kerala , with all its ears of progress ruined in water “but we are not merely stone image, but our determination is not broken. We will come back”.This is the message that Kerala like to convey to the world.

We have lost our beloveds lives ,but we haven't lost our hearts . We proved it . But it should not end here ...We shall continue our love , compassion and courage let the world make us example. And say “its Kerala model make in Kerala”...







# A LETTER TO MY MOM



CHANDANA DEVI
8 E

Dear Mom I am so sorry
I gave you the hardest pain
that you cont’d even bare
I've nothing to pay back but
only my love
you are the lantern of my life
you are my first teacher
the first word ! Uttered
is mother
even when dad shout at me
there is you for me to hide behind
how can I count down the days
that I had slept in your lap?
Still I am so far from you
I really miss you
my little ones are searching
for their grandma now
I don’t know what to do my Mom
it was true that I loved him
but i realize it was the
biggest fault in my life



I feel so lonely and tired
I really really need you Mom
I dint realize your love
I didn’t pay attention to your words
but now think it was wrong
Mom I want to be your daughter
if I born once again
I wanna back my childhood,my happiness
I need you back Mom





# A MELTED CANDLE



Niranjana V S
8E



My Mother is like a burning candle
Always melting for me
You are the light for my way
My mothers voice is like a voice of bird
I can only sleep by her loving voice
I gave you the pain and sadness always
But you gave back love and care
I dont know how to live with out you
I know that till the end you
Will be with me
In the darkness of my mind
She gave light to me
With out my mother is like
A moon with out light
I am very happy when my
Mother is near to me
And I am also sad with out you
I want your love,care and
Your voice for all times
Your heart is like a rose
And it always beating for me
If I have a next birth ,i want
My mothers love and care
I want her love in every minute
Sorry mom for every thing that I hurt you






# ക്യാമറ കണ്ണിലൂടെ...




























2018-7-4 09:57








വിമുക്തി


SBC









# നന്ദി

സങ്കല്പങ്ങൾ നിറഭേദങ്ങൾ അണിഞ്ഞു നിൽക്കുന്ന ഈ വേളയിൽ കലയെ അറിയുവാനും , പ്രോത്സാഹിക്കുവാനും, പ്രണയിക്കുവാനും ഞങ്ങൾ നടത്തിയ ഈ ശ്രമത്തിൽ കുറച്ചു കലാ സൃഷ്ടികൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ഞങ്ങൾ നടത്തിയ ഈ എളിയ ശ്രമത്തെ പൂർണ മനസ്സോടെ പ്രോത്സാഹിപ്പിക്കുമല്ലോ......

ഈ യാത്രക്കൊടുവിൽ ഞങ്ങളുടെ കൊച്ചു ഭാവനയിൽ രൂപപ്പെട്ട ഈ കല സൃഷ്ട്ടികളിലെ തെറ്റു കുറ്റങ്ങൾ സദയം പൊറുക്കുമല്ലോ........

ഇതാണ് വെളിച്ചത്തിന്റെ വീഥി എന്ന് ചൊല്ലി ഞങ്ങളെ കൈ പിടിച്ച് ഈ വിദ്യാലയത്തിലേക്ക് നയിച്ച മാതാപിതാക്കളേ....ഇരുളൊരുക്കിയ കെണികളിൽ വഴുതി വീഴാതെ ഞങ്ങളെ കരം പിടിച്ചു പ്രകാശത്തിലേക്ക് നടത്തുന്ന പ്രിയ അധ്യാപകരേ.....സ്നേഹത്തിന്റെയും, സഹകരണത്തിന്റെയും, സ്വാന്തനത്തിന്റെയും, ഊഷ്മളത പകർന്നു തന്ന പ്രിയ സഹ പാഠികളെ......

നന്ദി .......നന്ദി......ഒരായിരം നന്ദി.......







# Team Little Kites, GHSS Pala